# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അടാട്ട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി1)1926/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 23/12/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അടാട്ട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : അടാട്ട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അടാട്ട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി1)1926/2023 തീയ്യതി: 23/12/2023

## തൃശ്ശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-11-2022 മുതൽ 22-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു പി.എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 18-11-2023 | 25-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-11-2023 | 25-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ജയകൃഷ്ണൻ എസ്., ഓഡിറ്റ് ഓഫീസർ

മീര ടി., ഓഡിറ്റ് ഓഫീസർ

ഹണി കെ.എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

അനീറ്റ ഡൊമിനിക്, ഓഡിറ്റർ

രേഖ ഇ.സി.,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സിമി സിജിത്ത് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ഹരിദാസൻ പി. എസ്. | സെക്രട്ടറി | 01-04-2022 | 22-05-2022 |
| രേഖ വി. എസ്. | സെക്രട്ടറി | 23-05-2022 | 31-05-2022 |
| ഹരിദാസൻ പി. എസ്. | സെക്രട്ടറി | 01-06-2022 | 12-09-2022 |
| നൈന കെ. സുകുമാരൻ | സെക്രട്ടറി | 13-09-2022 | 26-09-2022 |
| ലത | സെക്രട്ടറി | 27-09-2022 | 11-10-2022 |
| വേണുഗോപാൽ | സെക്രട്ടറി | 12-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സുരേഷ് ബാബു ചിറ്റഴി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 28-04-2022 |
| ലത എം. | അസിസ്റ്റന്റ് സെക്രട്ടറി | 29-04-2022 | 06-11-2022 |
| വാസുദേവൻ പി. | അസിസ്റ്റന്റ് സെക്രട്ടറി | 07-11-2022 | 31-03-2023 |
| റിജ പി. ടി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 12-12-2022 |
| സന്ധ്യ കെ. ജി. | അസിസ്റ്റന്റ് എഞ്ചിനീയർ | 13-12-2022 | 15-01-2023 |
| സന്തോഷ് കെ. കെ. | അസിസ്റ്റന്റ് എഞ്ചിനീയർ | 16-01-2023 | 09-02-2023 |
| മുഹമ്മദ് ഷെഫീഖ് ഇ. | അസിസ്റ്റന്റ് എഞ്ചിനീയർ | 10-02-2023 | 31-03-2023 |
| സ്മിത ഫ്രാൻസിസ് | അഗ്രിക്കൾച്ചർ ഓഫീസർ | 01-04-2022 | 21-08-2022 |
| അശ്വതി ഗോപിനാഥൻ | അഗ്രിക്കൾച്ചർ ഓഫീസർ | 22-08-2022 | 31-03-2023 |
| ശ്രീനാഥ് സി. യു. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 03-07-2022 |
| സംഗീത | ഡയറി ഫാം ഇൻസ്ട്രക്ടർ | 04-07-2022 | 31-03-2023 |
| സുജിത് കെ. | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ഡോ. ജയ ടി. എം. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 10-04-2022 |
| അനിത എസ്. ഭട്ട് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 11-04-2022 | 31-03-2023 |
| സിബി നോബിൾ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| റെജി പോൾ | ഹെഡ് മിസ്ട്രസ്സ് | 01-04-2022 | 30-09-2022 |
| ജെസീന്ത | ഹെഡ് മിസ്ട്രസ്സ് | 01-10-2022 | 31-03-2023 |
| രഞ്ജിനി എ. | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| രേഖ പി. | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2022 | 31-03-2023 |
| ദീപക് ഗോകുൽ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ചിറ്റിലപ്പിള്ളി സർക്കിൾ) | 01-04-2022 | 24-08-2022 |
| ഷീജ പി. ടി. | വില്ലേജ് എക്സ്റ്റൻഷൻ | 25-08-2022 | 31-08-2022 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| നിജ്ജ ജോസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ചിറ്റിലപ്പിള്ളി സർക്കിൾ) | 01-09-2022 | 31-03-2023 |
| ഷീജ പി. ടി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പുഴയ്ക്കൽ സർക്കിൾ) | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പട്ടികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല | 1-1-3 |
| 5 | ബാങ്കിൽ നിന്നും നേരിട്ട് ഡെബിറ്റ് ചെയ്ത തുക പരിശോധിക്കേണ്ടതാണ് | 1-1-4 |
| 6 | ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് വന്ന തുക രസീത് നൽകി കണക്കിലെടുത്തില്ല | 1-1-5 |
| 7 | ബാങ്കിൽ നിക്ഷേപിച്ചിട്ട് മാസങ്ങളായിട്ടും തുക ക്യാഷ് ചെയ്തിട്ടില്ല | 1-1-6 |
| 8 | കഴിഞ്ഞ വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തി/ബാധ്യത തൻവർഷത്തെ മുന്നിരിപ്പായി രേഖപെടുത്തിയതിൽ വ്യത്യാസം | 1-1-7 |
| 9 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല | 1-1-8 |
| 10 | വസ്തു നികുതി -തൻവർഷം റെസിഡൻഷ്യൽ -വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | വസ്തു നികുതി -തൻവർഷം-നോൺ–റെസിഡൻഷ്യൽ -വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | വസ്തു നികുതി കുടിശ്ശിക റെസിഡൻഷ്യൽ– വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. | 1-1-11 |
| 13 | വസ്തു നികുതി കുടിശ്ശിക നോൺ– റെസിഡൻഷ്യൽ– വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. | 1-1-12 |
| 14 | ലൈബ്രറി സെസ്സ് -ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-1-13 |
| 15 | വസ്തു നികുതി -സർവീസ് സെസ്സ് -വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-14 |
| 16 | വസ്തു നികുതി ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല | 1-1-15 |
| 17 | വസ്തുനികുതി മുൻകൂർതുക-വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തമില്ല. | 1-1-16 |
| 18 | ലെഡ്ജർ ബാലൻസുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല | 1-1-17 |
| 19 | ആസ്തി രജിസ്റ്റർ - ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. | 1-1-18 |
| 20 | രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-19 |
| 21 | ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. | 1-1-20 |
| 22 | ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-1-21 |
| 23 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ലഭ്യമാക്കിയിട്ടില്ല | 1-1-22 |
| 24 | ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ–വൗച്ചറുകൾ സൂക്ഷിക്കുന്നില്ല | 1-1-23 |
| 25 | "Prior Period Item"-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക് ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല. | 1-1-24 |
| 26 | Auction Deposit തുക വർഷങ്ങളായി ക്രമീകരിക്കാതെ നിലനിൽക്കുന്നു | 1-1-25 |
| 27 | ബി – 17 ക്യാഷ് ആൻഡ് ബാങ്ക് ബാലൻസ് ശീർഷകത്തിൽ ക്യാഷ് / ബാങ്ക് അക്കൗണ്ടോ അല്ലാത്ത തുകയുടെ നീക്കിയിരിപ്പ് | 1-1-26 |
| 28 | ക്ഷേമപദ്ധതി - വാർദ്ധക്യകാല പെൻഷൻ വാർഷിക കണക്കിൽ തെറ്റായി പ്രതിഫലിച്ചിരിക്കുന്നു | 1-1-27 |
| 29 | ബജറ്റ് | 1-2 |
| 30 | ഫണ്ട് വിനിയോഗം | 1-3 |

| | | |
|---|---|---|
| 31 | പദ്ധതി അവലോകനം | 1-4 |
| 32 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 33 | ക്ഷേമപദ്ധതികൾ | 1-6 |
| 34 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 35 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 36 | ഗ്രാമപഞ്ചായത്തിന്റെ നികുതി-നികുതിയേതര വരവുകൾ -അവലോകനം | 1-9 |
| 37 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ് | 1-10 |
| 38 | കരാറുകാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല | 1-11 |
| 39 | തെറ്റായ അടിസ്ഥാന വസ്തുനികുതി നിരക്കിൽ ഡിമാന്റ് ചെയ്ത് തുക ഈടാക്കി | 1-12 |
| 40 | അനധികൃത കെട്ടിടങ്ങൾ ദീർഘകാലമായി വസ്തുനികുതി അടവാക്കുന്നില്ല | 1-13 |
| 41 | സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല | 1-14 |
| 42 | ഒരേ പ്രദേശത്തെ സമീപ കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല നിർണ്ണയം നടത്തി | 1-15 |
| 43 | പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി നികുതി ചോർച്ച ഒഴിവാക്കേണ്ടതാണ് | 1-16 |
| 44 | വാടക - അപാകങ്ങൾ | 1-17 |
| 45 | ലേലം - അപാകങ്ങൾ | 1-18 |
| 46 | വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിനുള്ള പരമാവധി ഫീസ് ഈടാക്കിയിട്ടില്ല | 1-19 |
| 47 | വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ഉള്ള ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതാണ് | 1-20 |
| 48 | ഫാം ലൈസൻസ് ഈടാക്കുന്നത് സംബന്ധിച്ച് പരിശോധനകൾ നടത്തേണ്ടതാണ് | 1-21 |
| 49 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഫീസ് അടവാക്കിയിട്ടില്ല | 1-22 |
| 50 | റോഡ് റെസ്റ്റോറേഷൻ ചാർജ്ജ് -ഫയലുകൾ ഹാജരാക്കിയില്ല | 1-23 |
| 51 | ഡെവലപ്പ്മെന്റ് പെർമിറ്റ് സംബന്ധിച്ച കേസ്-തുടർനടപടികൾ അറിയിക്കേണ്ടതാണ് | 1-24 |
| 52 | ഡെപ്പോസിറ്റ് പ്രവൃത്തികൾ–വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-25 |
| 53 | തെരുവു വിളക്ക പരിപാലനം-അപാകതകൾ–ചെലവു തുക 2,58,030/- രൂപ തടസ്സപ്പെടുത്തുന്നു | 1-26 |
| 54 | ആസ്തി രജിസ്റ്റർ തയ്യാറാക്കൽ– കരാർ വ്യവസ്ഥകൾ പാലിച്ചിട്ടില്ല-2,30,720/- രൂപ തടസ്സപ്പെടുത്തുന്നു | 1-27 |
| 55 | അഗതിരഹിത കേരളം-തുക മുഴുവൻ ചെലവഴിച്ചിട്ടില്ല | 1-28 |
| 56 | വീട് വാസയോഗ്യമാക്കൽ–പൂർത്തീകരിക്കേണ്ടതാണ് | 1-29 |
| 57 | ജിഎസ്ടി സ്രോതസിൽ നിന്ന് കുറവ് ചെയ്തിട്ടില്ല | 1-30 |
| 58 | വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല | 1-31 |
| 59 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് -- അധിക തുക നൽകി | 1-32 |
| 60 | പാലിയേറ്റീവ് കെയർ പദ്ധതി --മരുന്നുകൾ പൂർണ്ണമായിട്ടും ലഭ്യമായിട്ടില്ല | 1-33 |
| 61 | ആശുപത്രി മാനേജിംഗ് കമ്മറ്റി വാർഷിക കണക്കുകൾ യഥാസമയം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് | 1-34 |
| 62 | കുടിവെള്ളപദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറിയിട്ടില്ല. | 1-35 |
| 63 | ബൈ ബാക്ക് ഓഫർ പ്രയോജനപ്പെടുത്തിയില്ല. | 1-36 |
| 64 | ആദായനികുതി ഈടാക്കിയിട്ടില്ല | 1-37 |
| 65 | എസ്.എൽ.ബി.പി - വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കേണ്ടതാണ്. | 1-38 |
| 66 | കൗ ലിഫ്റ്റിംഗ് മെഷീൻ - തുടർപരിപാലനം ഉറപ്പാക്കേണ്ടതാണ് | 1-39 |
| 67 | ഇ-ടെൻഡർ ഫീ പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. | 1-40 |

| | | |
|---|---|---|
| 68 | സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണം - മരണശേഷവും പെൻഷൻ വിതരണം നടത്തിയിരിക്കുന്നു | 1-41 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് തൻവർഷം ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു തൻവർഷം നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യപത്രിക-സംക്ഷിപ്തം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്റ്റ് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് അടാട്ട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 29.07.2023 തീയതിയിലെ 1-ാം നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 29.07.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള അടാട്ട് ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, അടാട്ട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**

**തീയതി : 23.12.2023**

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

### 1-1-2 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പട്ടികയിൽ മുന്നിരിപ്പും

**നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല**

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.
ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,64,82,740/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-)30,43,622 /- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

**1-1-3 കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല**

താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)). ആയത് ക്രമീകരിക്കേണ്ടതാണ്.

| ബാങ്ക്/ശീർഷകം | ചെക്ക് നമ്പർ | വൗച്ചർ നമ്പർ/ തീയ്യതി | തുക |
|---|---|---|---|
| 450210102-ADAT FARMERS SERVICE CO-OPERATIVE BANK, PURANATTUKARA( 2/608 ) | 528479 | 22200529/19.08.2022 | 500 |
| | 22200536 | 22200536/24.08.2022 | 4000 |

**1-1-4 ബാങ്കിൽ നിന്നും നേരിട്ട് ഡെബിറ്റ് ചെയ്ത തുക പരിശോധിക്കേണ്ടതാണ്**

താഴെ കൊടുത്തിട്ടുള്ള ബാങ്ക് അക്കൗണ്ടിന്റെ മാർച്ച് 2023 മാസത്തെ റീകൺസീലിയേഷൻ പത്രിക പ്രകാരം "Directly Debited By Bank" എന്ന ഇനത്തിൽ ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

| ബാങ്ക് അക്കൗണ്ട് | Directly Debited By Bank |
|---|---|
| HDFC കേച്ചേരി (50200041037023) | 4310 |

ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക തിരികെ പഞ്ചായത്തിന്റെ ബാങ്ക് അക്കൌണ്ടിൽ തിരികെ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും, പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ അത് ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്.

**1-1-5 ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് വന്ന തുക രസീത് നൽകി കണക്കിലെടുത്തില്ല**

താഴെ കൊടുത്തിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ മാർച്ച് 2023 മാസത്തെ റീകൺസീലിയേഷൻ പത്രിക പ്രകാരം "Directly Credited By Bank" എന്ന ഇനത്തിലെ തുകയും കൂടി ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടുള്ളത്.

| ക്രമ നം. | ബാങ്ക് അക്കൗണ്ട് | Directly Credited By Bank |
|---|---|---|
| 1 | HDFC കേച്ചേരി (50200041037023) | 1,06,879 |
| 2 | കേരള ബാങ്ക് - CFC PFMS അമല നഗർ (80015199149PFMS) | 8,838 |
| 3 | എസ്.ബി.ഐ. അടാട്ട്ശാഖ (67381821038) | 53,713 |

ബാങ്കുമായി ബന്ധപ്പെട്ട് ഈ വരവ് പഞ്ചായത്തിന് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്.

**1-1-6 ബാങ്കിൽ നിക്ഷേപിച്ചിട്ട് മാസങ്ങളായിട്ടും തുക ക്യാഷ് ചെയ്തിട്ടില്ല**

എസ്.ബി.ഐ. അടാട്ട്ശാഖയിലെ 67381821038 നമ്പർ ബാങ്ക് അക്കൗണ്ടിന്റെ 31/03/23 ലെ ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം 1,26,075/- രൂപ "Cheques Deposited But Not Credited" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത 4945 രൂപയുടെ 194 ഓളം ചെക്കുകൾ ഉൾപ്പെടുന്നു. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-7 കഴിഞ്ഞ വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തി/ബാധ്യത തൻവർഷത്തെ മുന്നിരിപ്പായി രേഖപെടുത്തിയതിൽ വ്യത്യാസം

1. 2021-22 ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുകകളും 2022-23 വർഷത്തെ ട്രയൽ ബാലൻസ് പ്രകാരമുള്ള മുന്നിരിപ്പ് തുകകളും തമ്മിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ശീർഷകം | 2021-22 ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് | | 2022-23 വർഷത്തെ ട്രയൽ ബാലൻസ് പ്രകാരമുള്ള മുന്നിരിപ്പ് | | വ്യത്യാസം | |
|---|---|---|---|---|---|---|---|
| | | Dr | Cr | Dr | Cr | Dr | Cr |
| 1 | 350300112 Government And Other Dues Payable -Value Of Court Fee Stamp | - | - | - | 10 | - | 10 |

2. 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ B-17) റസീറ്റ് & പേയ്മെന്റ് അക്കൗണ്ട് (ഷെഡ്യൂൾ RP 40b ) എന്നിവ പ്രകാരമുള്ള നീക്കിയിരിപ്പ് തുകകളും തൻവർഷത്തെ റസീറ്റ് & പേയ്മെന്റ് അക്കൗണ്ട്(ഷെഡ്യൂൾ RP 40a) പ്രകാരമുള്ള മുന്നിരിപ്പ് തുകകളും തമ്മിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

.

| ഇനം | 2021-22 ബാലൻസ് ഷീറ്റ്/ റസീറ്റ് & പേയ്മെന്റ് അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പ് | | 2022-23 വർഷത്തെ റസീറ്റ് & പേയ്മെന്റ് അക്കൗണ്ട് പ്രകാരമുള്ള മുന്നിരിപ്പ് | | വ്യത്യാസം | |
|---|---|---|---|---|---|---|
| | Dr | Cr | Dr | Cr | Dr | Cr |
| 450210101 - State Bank Of India - 67381821038 | 2,38,43,362 | - | 2,38,43,372 | - | 10 | - |

2021-22 വർഷത്തെ വാർഷിക കണക്കിന്റെ ഓഡിറ്റിന് ശേഷം 2022-23 വർഷത്തെ വാർഷിക കണക്ക് തയ്യാറാക്കുമ്പോൾ കണക്കുകളിൽ മാറ്റം വരുത്തിയതായി മേൽപട്ടികയിൽ നിന്ന് വ്യക്തമാണ്. 2022-23 വർഷത്തെ വാർഷിക കണക്ക് തയ്യാറാക്കുമ്പോൾ 2021-22 വർഷത്തെ ഓഡിറ്റ് ചെയ്ത വാർഷിക കണക്ക്

പ്രകാരമുള്ള നീക്കിയിരുപ്പ് തുകകൾ എല്ലാം തന്നെ 2022-23 വർഷത്തെ വാർഷിക കണക്കിന്റെ മുന്നിരിപ്പായി രേഖപെടുത്തുകയും എന്തെങ്കിലും മാറ്റങ്ങൾ വരുത്താനുണ്ടെങ്കിൽ ചട്ടപ്രകാരമുള്ള ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ എന്നിവയോടു കൂടിയ ജേർണൽ എൻട്രി മുഖേന ബന്ധപ്പെട്ട ശീർഷകത്തിൽ രേഖപെടുത്തലുകൾ നടത്തുകയായിരുന്നു ചെയ്യേണ്ടിയിരുന്നത്.അതിനു പകരം ഭരണ സമിതി അംഗീകരിച്ച ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകളിൽ വ്യത്യാസം വരുത്തിയത് അക്കൗണ്ടിംഗ് തത്വങ്ങൾക്ക് വിരുദ്ധവും സ്ഥാപനത്തിന്റെ അക്കൗണ്ട്സ് തയ്യാറാക്കുന്നതിലുള്ള നടപടി ക്രമങ്ങളിലെ വീഴ്ചയുമാണ്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-1-8 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല

മുൻകൂർ തുക നൽകിയത് ചെലവ് ശീർഷകത്തിൽ ബുക്ക് ചെയ്തു.

2022-23 വർഷത്തിൽ നടപ്പാക്കിയ വിവിധ പ്രൊജക്ടുകൾ പ്രകാരം മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ, ഹോംകോ, ഔഷധി മുതലായ സ്ഥാപനങ്ങൾക്കായി തുക മുൻകൂർ കൈമാറിയിട്ടുണ്ട്. എന്നാൽ മുൻകൂർ നൽകുമ്പോൾ ഉചിതമായ അഡ്വാൻസ് ശീർഷകത്തിൽ രേഖപ്പെടുത്തുകയും സാധനങ്ങൾ ലഭിക്കുമ്പോൾ മാത്രം ആയത് ചെലവായി ക്രമീകരിക്കുകയും ചെയ്യുന്നതിന് പകരം മുൻകൂർ നൽകിയ ഇടപാട് ചെലവ് ശീർഷകത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് | മുൻകൂർ നല്കിയ തുക | വൗച്ചർ നമ്പർ/ തീയതി | ചെലവ് ബുക്ക് ചെയ്ത ശീർഷകം | 31/3/23 പ്രകാരം മരുന്ന് ലഭ്യമായത് | ബാക്കി തുക |
|---|---|---|---|---|---|
| 112/23- ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ | 50,000/- | 42201139/ 21.10.2022 | 251110208-Medical Institution-Homoeo-Purchase Of Medcines In Health Institutions | --- | 50,000/- |
| 31/23-ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ | 2,50,000/- | 42201127/ 21.08.2022 | 251110208-Medical Institution-Homoeo-Purchase Of Medcines In Health Institutions | -- | 2,50,000/- |
| ആകെ | 3,00,000 | | | | 3,00,000 |

എന്നാൽ മുൻകൂർ നല്കിയപ്പോൾ തന്നെ ആയത് ചെലവായി രേഖപ്പെടുത്തിയതിനാൽ ബാലൻസ്ഷീറ്റിൽ ഈ തുക ഉൾപ്പെട്ടില്ല.

### 1-1-9 വസ്തു നികുതി -തൻവർഷം റെസിഡൻഷ്യൽ -വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും

ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

തൻവർഷം

റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 48,23,691 | 47,21,267 | 47,400 | 60,448 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 48,23,691 | 47,15,843 | 47,400 | 60,448 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | ( 350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 (63,481*100/105) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

2.സഞ്ചയ സോഫ്റ്റ്‌വെയറിൽ യഥാർത്ഥ കളക്ഷനെക്കാൾ 5424/- രൂപ കൂടുതലാണ് വന്നിട്ടുള്ളത്. അതായത് രസീതിൽ ചേർക്കാതെ നേരിട്ട് ഡി.സി.ബി തയ്യാറാക്കുന്ന സോഫ്റ്റ്‌വെയറിൽ പോസ്റ്റിംഗ് നടത്തിയതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്.

## 1-1-10 വസ്തു നികുതി -തൻവർഷം-നോൺ-റെസിഡൻഷ്യൽ -വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപെടുന്നില്ല

**നോൺ-റെസിഡൻഷ്യൽ**

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 47,29,909 | 36,93,989 | 12,181 | 10,28,306 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 48,23,691 | 3689422 | 12,181 | 10,28,306 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | ( 350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 (10,79,739*100/105) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക |

| | | | | എടുക്കുന്നു |
|---|---|---|---|---|

ഡിമാന്റ്, കളക്ഷൻ തുക എന്നിവ പൊരുത്തപ്പെടുന്നില്ല.

## 1-1-11 വസ്തു നികുതി കുടിശ്ശിക റെസിഡൻഷ്യൽ- വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 4,82,210 | 58,378 | 4,24,520 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 4,13,813 | 57690 | 4,24,520 |
| | *(2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (56,416+3,78,088= 4,34,504*100/105 | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) 4,45,793*100/105 ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

2. വസ്തു നികുതി-റെസിഡൻഷ്യൽ കുടിശ്ശിക ലെഡ്ജർ പരിശോധിച്ചതിൽ(431100102), 31.03.2023 ലെ 42201408 നമ്പർ വൗച്ചർ പ്രകാരം 68446 രൂപ ഡിമാന്റ് തുകയിൽ സാങ്കൽപ്പിക വർദ്ധനവ് വരുത്തിയിട്ടുണ്ട്. അതിനാൽ ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-12 വസ്തു നികുതി കുടിശ്ശിക നോൺ- റെസിഡൻഷ്യൽ- വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

**നോൺ-റെസിഡൻഷ്യൽ**

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1,14,68,266 | 31,10,773 | 83,57,510 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 81,74,176 | 31,60,505 | 83,57,510 |
| | *(2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ( 10,47,089 + 75,35,796 = 85,82,885 * 100/105 | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) 87,75,516*100/105 = 83,57,634 ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.
2. വസ്തു നികുതി-റെസിഡൻഷ്യൽ കുടിശ്ശിക ലെഡ്ജർ പരിശോധിച്ചതിൽ(431100104), 31.03.2023 ലെ 42201409 നമ്പർ വൗച്ചർ പ്രകാരം 3,294,235 രൂപ ഡിമാന്റ് തുകയിൽ സാങ്കൽപ്പിക വർദ്ധനവ് വരുത്തിയിട്ടുണ്ട്. അതിനാൽ ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-13 ലൈബ്രറി സെസ്സ് -ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപെടുന്നില്ല

**ലൈബ്രറി സെസ്സ് -ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപെടുന്നില്ല**

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻവർഷം | കുടിശ്ശിക | ആകെ | തൻവർഷം | കുടിശ്ശിക | ആകെ | | | തൻവർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 2,45,468 | 24,207 | 2,69,675 | 2,40,076 | 2,953 | 2,43,029 | 2,556 | | 3,033 | 21,273 | 24,306 |
| | നോൺ-റെസിഡൻഷ്യൽ | 237300 | 5,73,583 | 8,10,883 | 1,85,459 | 1,55,561 | 3,41,020 | 630 | | 51,433 | 4,18,006 | 4,69,439 |
| | ആകെ | | | 10,80,558 | | | 5,84,049 | 3,186 | | 4,93,745 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 10,80,558 | | | 5,84,146 | | | | 5,86,813 | 4,93,745 | | |
| | | 4,29,594 + 6,50,964 = 10,80,558 (2021-22ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 -State Govt . Cess/Levies...... ലെഡ്ജർ 2022-23) | | | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt . Cess/levies...... ലെഡ്ജർ 2023-24) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

1. കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

2. തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 5,84,146/- രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 2,43,029 + 3,41,020 = 5,84,049 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/Levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്ട് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 5,86,813 രൂപയാണ്. [ 1. Voucher Number/Date : 242,435/- 42201470/31-03-2023 2. 2,934/- 42201470/31-03-2023 , 3. 185,867 42201470/31-03-2023 4. 1,55,577/- 42201470/31-03-2023]

## 1-1-14 വസ്തു നികുതി -സർവീസ് സെസ്സ് -വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപെടുന്നില്ല

| | | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 10,56,279 | 9,50,155 | 9,59,612 | 97,507 |
| | നോൺ-റെസിഡൻഷ്യൽ | 32,36,850 | 13,57,930 | 13,60,345 | 18,77,413 |
| | ആകെ | 42,93,129 | 23,08,085 | 23,19,957 | 19,74,920 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 19,02,202 | 23,06,337 | 11,872 | 19,74,920 |
| | | (ഇൻകം | (റസീറ്റ് & | ( | (ബാലൻസ്ഷീറ്റ് |

| | | | | | |
|---|---|---|---|---|---|
| | | &എക്സിപെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | 350410105-Advance Collection-Service Cess On Property Tax-ന്റെ ലെഡ്ജർ) | ഷെഡ്യൂൾ ബി-15) |

**1-1-15 വസ്തു നികുതി ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല**

1/4/2022 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2022-23 വർഷത്തിൽ അടാട്ട് ഗ്രാമപഞ്ചായത്തിൽ 508 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2022-23 ലെ “110100101 – Property Tax On Residential Building” എന്ന ശീർഷകത്തിലേയും “110100102-Property Tax On Non Residential Building” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തികവർഷത്തെ ഡിമാന്റ് 31.03.2023 തീയതിയിൽ ഒറ്റത്തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

**1-1-16 വസ്തുനികുതി മുൻകൂർതുക-വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തമില്ല.**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2023ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ" സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues – Property Tax On Residential Building | 5,71,575/- | 5,96,216/- |
| 2 | 350410104-Advance Collection Of Revenues – Property Tax On Non-Residential Building | 1,42,267/- | 1,51,334/- |

**1-1-17 ലെഡ്ജർ ബാലൻസുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല**

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകളിൽ താഴെ പറയുന്ന രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി എഴുതി വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (വ്യാപാരികൾ)

3. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

4. ലേലം രജിസ്റ്റർ

5. ലൈസെൻസ് ഫോർ ഡോഗ്സ് ആൻഡ് പിഗ്സ് രജിസ്റ്റർ

6. ഫാക്ടറി- വ്യാപാര ലൈസൻസ് രജിസ്റ്റർ

7. വാടക രജിസ്റ്റർ

രജിസ്റ്ററുകൾ കൃത്യമായി എഴുതി തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**1-1-18 ആസ്തി രജിസ്റ്റർ - ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.**

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

**1-1-19 രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല**

നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകളിൽ താഴെ പറയുന്ന രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി എഴുതി വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല.
1. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ
2. ഡെപ്പോസിറ്റ് രജിസ്റ്റർ
3. അഡ്വാൻസ് രജിസ്റ്റർ

**1-1-20 ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 600രൂപയുടെ നിക്ഷേപം കാണുന്നു. എന്നാൽ ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

**1-1-21 ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും, വാടകയിനത്തിലും കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി , നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011 /ത.സ്വ.ഭ.വ തീ.26/7/2011 , കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

**1-1-22 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ലഭ്യമാക്കിയിട്ടില്ല**

2022-23 വർഷത്തെ Income And Expenditure പത്രിക പ്രകാരം രൂപ 57,36,619/- ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ലഭ്യമാക്കിയിട്ടില്ല.

**1-1-23 ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-വൗച്ചറുകൾ സൂക്ഷിക്കുന്നില്ല**

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ

ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 1-1-24 "Prior Period Item"-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക് ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല.

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18, ഐ-19) പ്രകാരം “290000000-Prior Period Income” എന്ന ഷെഡ്യൂളുകളിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ 1-18 & 1-19) | 31/3/2023ലെ ലെഡ്ജർ ബാക്കി |
|---|---|
| 190100101-Prior Period Income -Property Tax | 40,35,315 |
| 290800501-Prior Period Expenses-Programme Expenses | 208300 (10000/- രൂപ വൗച്ചർ മുഖേന ക്രമീകരിച്ചിട്ടുണ്ട്) |
| 290800701-Prior Period Expenses-Miscellaneous Expenses | -163127 |

### 1-1-25 Auction Deposit തുക വർഷങ്ങളായി ക്രമീകരിക്കാതെ നിലനിൽക്കുന്നു

01.04.2019 മുതൽ 31.03.2023 വരെ 340200102-Auction Deposit എന്ന ശീർഷകത്തിൽ 1,01,100/- ക്രമീകരിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 282 പ്രകാരം തിരികെ നൽകേണ്ട തീയതിക്ക് ശേഷം മൂന്ന് വർഷത്തിൽ കൂടുതൽ കാലം നിക്ഷേപങ്ങൾ പഞ്ചായത്തിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. ഇത് പ്രകാരം തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമായിട്ടില്ല.

### 1-1-26 ബി – 17 ക്യാഷ് ആൻഡ് ബാങ്ക് ബാലൻസ് ശീർഷകത്തിൽ ക്യാഷ് / ബാങ്ക് അക്കൗണ്ടോ അല്ലാത്ത തുകയുടെ നീക്കിയിരിപ്പ്

ബാലൻസ് ഷീറ്റ് ബി–17 ഷെഡ്യൂളിൽ 450210101 – Nationalised Bank Of Account Of Own Revenue Fund ശീർഷകത്തിൽ 1,023/- രൂപയുടെ നീക്കിയിരിപ്പ് കാണുന്നുണ്ട്. എന്നാൽ ഇതിന്റെ ബാങ്ക് പാസ് ബുക്ക്/ സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ ബാങ്ക് റീകൺസിലിയഷൻ പത്രികയും ലഭ്യമാക്കിയിട്ടില്ല. ഈ തുകയുടെ വിശദാംശങ്ങൾ പരിശോധനക്കായി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

### 1-1-27 ക്ഷേമപദ്ധതി – വാർദ്ധക്യകാല പെൻഷൻ വാർഷിക കണക്കിൽ തെറ്റായി പ്രതിഫലിച്ചിരിക്കുന്നു

വാർഷികകണക്ക് ഇൻകം ആൻഡ് എക്സ്പെന്റിച്ചർ ഐ–6 ശീർഷകം 160100743 ൽ വാർദ്ധക്യകാല പെൻഷൻ തുക 5,24,36,800/- രൂപയാണ് ചേർത്തിരിക്കുന്നത്. എന്നാൽ ആയതിന്റെ ലെഡ്ജർ പരിശോധിച്ചതിൽ 2,62,18,400/- എന്ന തുക രണ്ടു തവണ തെറ്റായാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. യഥാർത്ഥത്തിൽ 2,62,18,400/- ആണ് ഈ ഇനത്തിൽ ചെലവ്. ഇത് മൂലം വാർഷികകണക്കിൽ വരവിലും ചെലവിലും ഈ തുക അധികമായി ഉൾപ്പെട്ടിരിക്കുന്നു.

## 1-2 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 21/03/2022 | 1(1) | 197260800 | 204654800 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | വരവ് | ചെലവ് |
|---|---|---|---|
| 24/03/2023 | 1(1) | 221081884 | 229587914 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സായ തുക*/ നീക്കിയിരിപ്പ്** |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 19828000 | 19828000 | 19213191 | 614809* |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 10033000 | 10033000 | 7962016 | 2070984* |
| വികസന ഫണ്ട്-ടി.എസ്.പി | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഗ്രാന്റ്, റോഡ് | | 0 | 5769000 | 5769000 | 729,322 | 5039678* |
| മെയിന്റനൻസ് ഗ്രാന്റ്, നോൺ-റോഡ് | | 0 | 6638000 | 6638000 | 4450885 | 2187115* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് CFC TIED | ബാങ്ക് | 3104344 | 5172000 | 8276344 | 4467660 | 3808684** |
| | ട്രഷറി | 0 | 1319173 | 1319173 | 686,878 | 632295* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് CFC UNTIED | ബാങ്ക് | 148522 | 3715917 | 3864439 | 684000 | 3180439** |
| | ട്രഷറി | 0 | 66101 | 66101 | 0 | 66101* |
| NHM | | 0 | 80553 | 80553 | 80553 | 0 |
| NRHM | | 0 | 208171 | 208171 | 208171 | 0 |
| Rural Housing – Housing For All | | 0 | 1000000 | 1000000 | 1000000 | 0 |
| Sarva Siksha Abhiyan | | 621161 | 16941 | 638102 | 0 | 638102** |
| Swacha Bharat Abhiyaan (RuralAnd Urban) | | 0 | 37400 | 37400 | 37400 | 0 |
| Total Sanitation | | 0 | 360000 | 360000 | 360000 | 0 |

| | | | | | |
|---|---|---|---|---|---|
| Campaign | | | | | |
| ICDS | 471876 | 839652 | 1311528 | 85354 | 1226174** |
| Literacy Scheme Grant | 47253 | 1289 | 48542 | 0 | 48542** |
| Grant From Suchitwa Mission | 3328045 | 0 | 3328045 | 0 | 3328045** |
| HEALTH GRANT (DIAGNOSTIC) | 0 | 210892 | 210892 | 177847 | 33045** |
| HEALTH GRANT (WELLNESS) | 0 | 81142 | 81142 | 0 | 81142** |
| Grants, Funds & ContributionsFor Specific Purposes – OtherGovernment Agencies | 80721 | 0 | 80721 | 0 | 80721** |
| Grants, Funds & ContributionsFor Specific Purposes – OtherFinancial Institutions | 200000 | 0 | 200000 | 0 | 200000** |
| Grants, Funds & ContributionsFor Specific Purposes – WelfareBodies-Capital | 100000 | 0 | 100000 | 0 | 100000** |
| Grants/Funds For Pandemic/ EpidemicControl | 21400 | 0 | 21400 | 0 | 21400** |

കുറിപ്പ് – 1 ) സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്- എസ്.സി.പി. എന്നീയിനങ്ങളിൽ ലഭിച്ച വരവുകളിൽ അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് മിഷൻ വായ്പാ തിരിച്ചടവ് എന്നീയിനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നുമുണ്ട്. ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ കൂടി ഉൾപ്പെടുത്തിയാണ് മേൽ പട്ടികയിൽ വരവുകളും ചെലവുകളും രേഖപ്പെടുത്തിയിരിക്കുന്നത്.

2 (A)വികസന ഫണ്ട്-എസ്.സി.പി ഇനത്തിൽ സ.ഉ.(സാധാ) നം. 1049/2023/ധന/13.02.2023 പ്രകാരമുള്ള മൂന്നാം ഗഡുവായ 3343000/-രൂപ ACR-ലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും വരവായി എടുത്തിട്ടില്ല.

(B) മെയിന്റനൻസ് ഗ്രാന്റ്(റോഡ്) ഇനത്തിൽ സ.ഉ.(സാധാ) നം. 8253/2022/ധന/05.12.2022 പ്രകാരമുള്ള മൂന്നാം ഗഡുവായ 1417000/-രൂപ ACR-ലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും വരവായി എടുത്തിട്ടില്ല.

(C) മെയിന്റനൻസ് ഗ്രാന്റ്(നോൺ-റോഡ്) ഇനത്തിൽ സ.ഉ.(സാധാ) നം. 8253/2022/ധന/05.12.2022 പ്രകാരമുള്ള മൂന്നാം ഗഡുവായ 2382850/-രൂപ ACR-ലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും വരവായി എടുത്തിട്ടില്ല.

(A), (B), (C) ഫണ്ടുകളുടെ ചെലവ് വിവരങ്ങൾ ACR-ലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും ശരിയായി തന്നെയുണ്ട്.

എന്നാൽ (A), (C) എന്നീ ഫണ്ടുകളുടെ ACR-ലെയും ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെയും ടി ഫണ്ടുകളുടെ ബാലൻസ് തുക നെഗറ്റീവ് ആയിട്ടാണ് കൊടുത്തിട്ടുള്ളത്.

3) പ്രത്യേകോദ്ദേശ്യ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. അതിനാൽ തുകകളുടെ

കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4) ദീർഘകാലമായി ചെലവഴിക്കാതെ കിടക്കുന്ന, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള ഫണ്ടുകൾ, ആവശ്യമില്ലാത്തപക്ഷം സോഴ്സിലേക്ക് തിരിച്ചടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതി തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 167 | 101089492 | 101 | 46155272 | 45 | 60 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 30 | 1015932* | 1015962* | 1015962* | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 11035333 | 11035333 | 11035333 | 0 |
| മെറ്റീരിയൽ കോസ്റ്റ് | 0 | 7284428 | 7284428 | 7284428 | 0 |
| ആകെ | 30 | 19335693 | 19335723 | 19335723 | 0 |

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവുകൾ വാർഷിക ധനകാര്യ പത്രിക ഇൻകം & എക്സ്പൻഡിച്ചർ അക്കൗണ്ട് ഷെഡ്യൂൾ I-6 ലെ വരവ് ചെലവുകളുമായി പൊരുത്തപ്പെടുന്നില്ല.

*ബാങ്ക് പലിശ ഇനത്തിൽ 565/- കൂടി പാസ് ബുക്ക് പ്രകാരം വരവുണ്ട്. പിന്നീട് ഈ തുക ചെലവിൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ടി തുക വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല.

## 1-6 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 47,96,400 | 371 |
| വിധവാപെൻഷൻ | 1,29,68,400 | 1123 |
| വാർദ്ധക്യകാലപെൻഷൻ | 2,62,18,400 | 2381 |
| വികലാംഗപെൻഷൻ | 33,97,200 | 283 |
| അവിവാഹിത പെൻഷൻ | 27,98,400 | 230 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 30,000 | 1 |

വാർദ്ധക്യകാലപെൻഷൻ തുക വാർഷിക കണക്കിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നത് സംബന്ധിച്ച് ഖണ്ഡിക 1-1-27 ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.11.2023 തീയതിയിൽ 3.30pm ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 49199/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-9 ഗ്രാമപഞ്ചായത്തിന്റെ നികുതി-നികുതിയേതര വരവുകൾ -അവലോകനം

**ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം**

അടാട്ട് ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി മിനിട്ട്സ് പ്രകാരം പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും അവതരിപ്പിച്ചതായി കാണുന്നില്ല.

ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള തനതു വരുമാനങ്ങൾ നിശ്ചിത സമയത്തിനകം സമാഹരിച്ചിട്ടുണ്ടെന്നും മുൻവർഷങ്ങളിലെയോ തന്നാണ്ടിലെയോ വരവിനങ്ങൾ സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ലെന്നും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി എല്ലാ കടകളെക്കൊണ്ടും ലൈസൻസ് എടുപ്പിക്കുക, ലേലത്തുക വർദ്ധിപ്പിക്കുക, ക്രമവൽക്കരിക്കാത്ത കെട്ടിടങ്ങൾക്ക് നികുതി ഈടാക്കുക, ജനന-മരണ സർട്ടിഫിക്കറ്റുകൾക്കു രജിസ്ട്രേഷൻ ഫീസ് വർദ്ധിപ്പിക്കുക, ലേലത്തിൽ പോകുന്ന കെട്ടിടങ്ങൾ ലേലം പിടിക്കുന്നയാൾ ഉപയോഗിക്കാതെ മറിച്ച് നൽകുന്നത് തടയുന്നതിന് നടപടി സ്വീകരിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മുന്നോട്ട് വയ്ക്കുന്നുണ്ട്. (08.11.2022-ലെ തീരുമാനം നം. 2).

2022-23 സാമ്പത്തിക വർഷം 100% നികുതി പിരിവ് കൈവരിക്കുന്നതിനായി ഡിമാന്റ് നോട്ടീസ് പ്രിന്റ് ചെയ്ത് കുടുംബശ്രീ പ്രവർത്തകർ മുഖേന സമയബന്ധിതമായി വിതരണം ചെയ്യുന്നതിനും നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനും തീരുമാനിച്ചിരുന്നു. (08.11.2022-ലെ തീരുമാനം നം. 6).

നികുതി വരുമാനത്തിന്റെ ഡിസിബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ഭരണസമിതി യോഗത്തിൽ സമർപ്പിക്കുകയോ പ്രസ്തുത റിപ്പോർട്ട് ഭരണസമിതി ചർച്ച ചെയ്യുകയോ ചെയ്യുന്നില്ല.

കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന കുടിശ്ശിക രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്നുമാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നിലവിൽ നടത്തി വരുന്നില്ല.

**വരുമാന വർദ്ധനവ്**

കഴിഞ്ഞ രണ്ട് വർഷത്തെ നികുതി നികുതിയേതര വരുമാനങ്ങളുടെ വർദ്ധനവ് താഴെ ചേർക്കും പ്രകാരമാണ്.

| ഇനം | 2021-22 | 2022-23 | വർദ്ധനവ് (ശതമാനം) | |
|---|---|---|---|---|
| വസ്തുനികുതി റെസിഡൻഷ്യൽ | 4625113 | 4823691 | 4.29 | 508 കെട്ടിടങ്ങൾ 2022-23 ൽ അസ്സസ് ചെയ്തു |
| വസ്തുനികുതി നോൺ റെസിഡൻഷ്യൽ | 3772432 | 4729909 | 25.38 | |
| തൊഴിൽ നികുതി-സ്ഥാപനങ്ങൾ + ട്രേഡേഴ്സ് + പ്രൊഫഷണൽസ് | 499980 | 219100 + 344180 + 11200 = 574480 | 14.90 | |
| തൊഴിൽ നികുതി - ജീവനക്കാർ | 6572680 | 7222690 | 9.89 | |
| ലൈസൻസ് ഫീസ് | 360360 | 426850 | 18.45 | |

ഡിമാന്റ് തുകയുമായി താരതമ്യം ചെയ്യുമ്പോൾ കളക്ഷൻ, ഡിമാന്റിലുള്ള വർദ്ധനവ് എന്നിവ തൃപ്തികരമാണ്. എന്നാൽ വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും, കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാ ബേസ് ഇല്ലാത്തതാണ്. ആയതിനാൽ മുഴുവൻ നികുതി നികുതിയേതര വരുമാനങ്ങളുടെയും ഡിമാന്റ് പൂർണമായും നടത്തിയോ എന്ന പരിശോധന നടത്താൻ സ്ഥാപനത്തിനോ ഓഡിറ്റിനോ സാധിക്കുന്നില്ല.

**വസ്തുനികുതി**

തദ്ദേശസ്വയംഭരണവകുപ്പിന്റെ 22.03.2023 ലെ സ.ഉ.(കൈ)77/23/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതി നിരക്കുകൾ പുതുക്കി നിശ്ചയിച്ച് കരട് വിജ്ഞാപനം ചെയ്ത് ആക്ഷേപം സ്വീകരിച്ചിട്ടുള്ളതാണ്. ഭരണസമിതി യോഗത്തിന്റെ 23.06.2023 ലെ 10(1) നമ്പർ തീരുമാനപ്രകാരം വിജ്ഞാപനം അന്തിമമാക്കിയിട്ടുണ്ട്.
വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച് സോഫ്റ്റ്‌വെയർ അപ്ഡേഷനോ ഡാറ്റാ പ്യൂരിഫിക്കേഷനോ നടത്തി ഡാറ്റാ ലോക്ക് ചെയ്തിട്ടില്ലാത്തതാണ്. സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടപടി പൂർത്തീകരിക്കാത്തതിനാൽ നിലവിലെ നിരക്കിൽ നികുതി ഈടാക്കി വരുന്നു.
2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. റോഡ് മാപ്പ് ലഭ്യമല്ലാത്തതിനാൽ വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ്, ഇളവ് എന്നിവ പരിശോധിക്കുന്നതിന് സാധിച്ചില്ല.
തുറസ്സായ സ്ഥലവും പാർക്കിംഗ് സ്ഥലവും കയ്യേറി നടത്തുന്ന അനധികൃത കെട്ടിട നിർമ്മാണങ്ങൾ ഫീൽഡ് സന്ദർശനം നടത്തി പരിശോധിക്കുകയും ആയതിനെതിരെ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അമല ക്യാൻസർ റിസർച്ച് സെന്റർ, ഐ.ഇ.എസ്. എന്നീ കെട്ടിടങ്ങളിൽ ഇത്തരത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

**സേവന ഉപനികുതി**

പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി, വസ്തുനികുതിയുടെ 20% എന്ന നിരക്കിൽ (തെരുവ് വിളക്ക്-20%) പിരിച്ചെടുക്കുന്നുണ്ട്.

**തൊഴിൽനികുതി**

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവർ എന്നിവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് സൂക്ഷിക്കുന്നില്ല.
നികുതി അടവാക്കിയവരുടെ വിവരങ്ങൾ മാത്രമാണ് ഡിമാന്റ് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടുള്ളത്.

**വിനോദനികുതി**

ടർഫ് കോർട്ട് -2, ഇൻഡോർ സ്റ്റേഡിയം (ടെന്നീസ് കോർട്ട്)-1, നീന്തൽകുളം-1, കേബിൾ ടിവി നെറ്റ്‌വർക്ക് -1. നിലവിൽ ഇവയിൽ നിന്നും വിനോദനികുതി ഈടാക്കുന്നില്ല. വിനോദ നികുതി ഈടാക്കുന്നതിനുള്ള സാധ്യതകൾ ഭരണസമിതി പരിശോധിച്ച് സർക്കാരിലേക്ക് ശിപാർശ ചെയ്യുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

നികുതിയേതര വരവുകൾ

വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ഉള്ള ലൈസൻസ്

കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങളും ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റു സേവനങ്ങളും) ലൈസൻസ് ഭേദഗതി ചട്ടങ്ങൾ 2017 ലെ ചട്ടം 18 പ്രകാരം വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന

യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്നതിനുള്ള പരമാവധി ഫീസ് ഈടാക്കിയിട്ടില്ല.
ചട്ടം 24 പ്രകാരം ലൈസൻസ് ലഭിക്കുന്നയാൾ അനുസരിക്കേണ്ട നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

**ലേലം**

മരങ്ങളുടെ ലേലം/പുനർലേലം എന്നിവ 2022-23 വർഷത്തിൽ നടന്നിട്ടുണ്ടെങ്കിലും പല മരങ്ങളും ലേലം ചെയ്തിട്ടില്ല. ആയതിന്റെ കാരണം പഞ്ചായത്ത് കമ്മിറ്റി യോഗത്തിൽ ചർച്ച ചെയ്ത് പരിഹാരം കാണേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന് നിഷ്ക്രിയ ആസ്തികൾ ഉണ്ടോ എന്ന് സ്ഥലപരിശോധന നടത്തി കണ്ടെത്തേണ്ടതും, പ്രസ്തുത ആസ്തികളിൽ നിന്നും വരുമാനം ലഭിക്കാനുള്ള സാധ്യതകൾ ഉണ്ടോ എന്ന് പരിശോധിക്കേണ്ടതുമാണ്.

**മറ്റിനങ്ങൾ**

പ്രാദേശിക/പാരിസ്ഥിതിക അവസ്ഥയ്ക്കനുസരിച്ച് ലഭ്യമാകാവുന്ന വരവുകൾ (ഭാവിയിൽ വരുമാന മാർഗ്ഗമാക്കാവുന്നത്) കണ്ടെത്തിയിട്ടില്ല. ആയത് സംബന്ധിച്ച് സാധ്യതാപഠനത്തിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ചു കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥനാണ്. (കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204).

I) താഴെക്കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി അടവാക്കിയിട്ടില്ല.

1. ബിഎസ്എൻഎൽ,അമലനഗർ 11 ജീവനക്കാരുടെ രണ്ട് അർദ്ധവർഷത്തിലെയും തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

2. സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ

ഷൈനി എസ്, ശ്രീജ വി കെ, പ്രസന്ന സി., ഗീത ജി.കെ., അമൃത് എം വി - എന്നീ ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

3. ജി യു പി എസ് ചൂരക്കാട്ടുകര

സീനത്ത് പി.എച്ച്., ഷീബ കെ റ്റി., ഷീന ശോഭനൻ - എന്നീ ജീവനക്കാരുടെ ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

4. ഐസിഡിഎസ്, പുഴക്കൽ

സ്മിജാ അഭിലാഷ് -രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

5. ഐഇഎസ് കോളേജ് ഓഫ് ആർക്കിടെക്ചർ

നിർമ്മൽ ജയിംസ്, ഷാഗുഫ്ത ഷെരീഫ് – രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

6. ഐഇഎസ് കോളേജ് ഓഫ് എൻജിനീയറിങ്

ശ്രീകുമാർ എൻ ആർ, രംഭ കെ ആർ, അനി പി.പി., പൂജ ലക്ഷ്മി, സഫ്ന കെ എം, ഗ്രിഗോറിയസ് ജോസ്, സരുൺ കുമാർ, സർവ്വൻ പി പി, ജോസഫ് ജോർജ്, അശ്വതി സോമരാജ് ,നിഖിൽ എം മുരളി, എം അഷിയ, അമൃത ലക്ഷ്മി – രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

7.കേരള ഗ്രാമീൺ ബാങ്ക്, മുതുവറ

ആതിര പി എ, ശ്രീദേവി ടി.വി., ശരത്ത് പി.ടി., രാധാകൃഷ്ണൻ പി എസ്, സുഭാഷ് -ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

8. കെഎസ്എഫ്ഇ

വത്സലകുമാരി ടി സി, അനിൽ പി കുല, റിന്റോ കെ ആന്റോ, ജോസഫ് ജോർജ്ജ് -ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

9. കെഎസ്ഇബി മുതുവറ

ജോസ് എ ടി. – ഒന്നാം അർദ്ധവർഷത്തെയും

വർഗീസ് ചുങ്കത്ത്, രവിചന്ദർ കെ.എ., കൃഷ്ണപ്രസാദ് കെ പി – രണ്ടാം അർദ്ധവർഷത്തെയും തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

10. മണപ്പുറം ഫിനാൻസ്

വൈശാഖ് പി.വി. -ഒന്നാം അർദ്ധവർഷത്തെയും

രേഷ്മ ചന്ദ്രൻ – രണ്ടാം അർദ്ധവർഷത്തെയും തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

11.മുത്തൂറ്റ് ക്യാപിറ്റൽ

സുധീർ, അരുൺ വി കെ, സിബി എം സോമൻ -ഒന്നാം അർദ്ധവർഷത്തെയും

ഹനീഫ – രണ്ടാം അർദ്ധവർഷത്തെയും തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

12. നന്ദനം സാനിറ്ററീസ്

ഷൈനി സിഎ, രതി പി -ഒന്നാം അർദ്ധവർഷത്തെയും

ജിജി സത്യൻ, പ്രകാശ് കെ, വിഷ്ണു കെ ആർ, ലിജോ, സ്റ്റനിൻ, വിജയ, അഭിജിത്ത്, ജിജോ ജോസ് – രണ്ടാം അർദ്ധവർഷത്തെയും തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

13.അമലനഗർ പോസ്റ്റ് ഓഫീസ്

റോസ് പയസ് -ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

14.പുറനാട്ടുകര സബ് പോസ്റ്റ് ഓഫീസ്

പ്രേം നിവാസ് -ഒന്നാം അർദ്ധവർഷത്തെയും

ജോസഫ് സി എം – രണ്ടാം അർദ്ധവർഷത്തെയും തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

15. പ്രൈം റൂഫിംഗ് സൊല്യൂഷൻ പ്രൈവറ്റ് ലിമിറ്റഡ്

അജീഷ്, വിഷ്ണു, ജുവൽ, കെ എസ് അബ്ദുൾ മുത്തലിബ്, ഉന്നർ ഗോഗോയ്, ദുർഗേഷ്, റോസ്മോൾ, രഞ്ജിത്ത്, വിനയകുമാർ, കൃഷ്ണൻ, അജ്ഞർ, ജിങ്കു ഹൊഹോയ്, അബൂബക്കർ, രജിത്ത്, പ്രണബ് ചങ്ങ്മായ് -ഒന്നാം അർദ്ധവർഷത്തെയും

ഉന്നർഗോയ്, ദുർഗേഷ്, റോസ് മോൾ – രണ്ടാം അർദ്ധവർഷത്തെയും തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

16. പുഴക്കൽ ക്ഷീര വ്യവസായ സഹകരണ സംഘം

5 ജീവനക്കാരുടെ തൊഴിൽ നികുതി രണ്ടാം അർദ്ധവർഷം അടവാക്കിയിട്ടില്ല

17. പുഴക്കൽ കുറീസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്

കെ വി രാജവയാരവൻ, , സിപി സനിൽകുമാർ, എൻ ആർ രാജി, കെ വാസുദേവൻ -ഒന്നാം അർദ്ധവർഷത്തെയും

വി.വി.ഗീത, സിപി സനിൽകുമാർ, കെ വാസുദേവൻ – രണ്ടാം അർദ്ധവർഷത്തെയും തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

18. എസ് ആർ കെ ജി വി എം എച്ച്എസ്എസ്, പുറനാട്ടുകര

അമ്പിളി കെ, സജിത മേനോൻ, റ്റിന്റു ടി.വി., ധനീഷ് ടി.വി. – ഒന്നാം അർദ്ധവർഷത്തെയും

അമ്പിളി കെ, പ്രേംജിത്ത് കെ എസ്, വൃന്ദാദേവി കെ, രാകേഷ് ആർ, സജിത മേനോൻ, റ്റിന്റു ടി.വി., ധനീഷ് ടി.വി., സുധീർ കെ, ബിന്ദു എം.കെ. – രണ്ടാം അർദ്ധവർഷത്തെയും തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

19. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, അടാട്ട്

ഷൈൻ പി.ആർ, കണ്ണൻ കെ.സി., ഷീബ വിൽസൺ, ഗംഗ മോഹനൻ – ഒന്നാം അർദ്ധവർഷത്തെയും

ലോറൻസ് ജോസ്, ഹരീഷ് കെ എസ്, ബീന കെ ആർ, വസന്തകുമാരി എൻ, സണ്ണി സി വി, ജോർജ് വർഗീസ് സി, സതീഷ് പി കെ, മഞ്ജു പി കുമാർ, രോഹിത് പി ആർ, രാജേഷ് കുമാർ – രണ്ടാം അർദ്ധവർഷത്തെയും തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

20.SC ഡെവലപ്പ്മെന്റ് ഓഫീസ്

സുജിത്ത് എസ് -ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

21.സൗത്ത് ഇന്ത്യൻ ബാങ്ക്

അനിസു മാത്യു ജോൺ – രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

22. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ

രൂപ ജോണി, ഹരികൃഷ്ണൻ, ജയരാജ് – രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

23. സപ്ലൈകോ ഡിസ്ട്രിക്ട് ഡിപ്പോ, തൃശ്ശൂർ (മാവേലി സ്റ്റോർ)

സുധാകമാർ – രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

24. സിൻഡിക്കേറ്റ് ബാങ്ക്

ശിവ രാമകൃഷ്ണൻ – ഒന്നാം അർദ്ധവർഷത്തെയും

ശില്പ ശ്രീ, ബ്ലെസി എ വി. – രണ്ടാം അർദ്ധവർഷത്തെയും തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

25. CSB ബാങ്ക്

റിറ്റി ജോസ് സി.– രണ്ടാം അർദ്ധവർഷത്തെയും

ഷെർലി ആന്റോ ചിറമത്ത്, കൃഷ്ണകുമാർ പി.ജി., മറീന ഔസേപ്പ് – ഒന്നം രണ്ടും അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

26.നാഷണൽ യൂണിയൻ ഫണ്ട്, പുഴക്കൽ

കെ വാസുദേവൻ, കെ വി രഞ്ജിയ നാരായണൻ– രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

27.യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ

ബിജു വി ബി, അശ്വതി രാജ് – ഒന്നം രണ്ടും അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

28.വി.വി.എൽ പി സ്കൂൾ ചിറ്റിലപ്പള്ളി

ഒന്നാം അർദ്ധവർഷത്തിൽ ജീവനക്കാർ ആരുംതന്നെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

29.വിഷ്ണു ഗാർഡൻ റിസോർട്ട്

സിനി ജോബി, ശോഭ, കല്യാണി – രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

30. കേരള വാട്ടർ അതോറിറ്റി

ജോമോൻ ടി എൽ, ആന്റോ സി എൽ , സാബു ആന്റണി കെ - ഒന്നാം അർദ്ധവർഷത്തിൽ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

മേൽ കൊടുത്തിട്ടുള്ള ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

II) തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ, ലൈസൻസിനായുള്ള അപേക്ഷയിൽ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തിയ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. (ഏതാനം ഉദാഹരണങ്ങൾ മാത്രം)

| ക്രമ നം. | സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | ബ്രഹ്മ ഇൻഡിക് ന്യൂട്രിമെന്റ്സ് പ്രൈവറ്റ് ലിമിറ്റഡ്- ഷാജി ദാമോദരൻ | 6 |
| 2 | വി കെയർ മെഡിക്കൽസ്-വി. മുഹമ്മദ് റഫീക്ക് | 12 |
| 3 | നോവ എൻജിനീയറിങ് ചിറ്റിലപ്പള്ളി- ഡിൽജോ ഡേവിസ് | 8 |
| 4 | GM സ്റ്റീൽസ്, മുതുവറ -മെജോ ജോർജ്ജ് | 6 |
| 5 | സ്റ്റാർലൈറ്റ് സിസ്റ്റം- ഹരീഷ് പി.വി. | 6 |
| 6 | കെ.ആർ.ട്രേഡിംഗ് – രഞ്ജിത്ത് കെ.ആർ. | 8 |

ലൈസൻസിനായുള്ള അപേക്ഷകൾ പരിശോധിച്ച് മറ്റ് സ്ഥാപനങ്ങളിൽ നിന്നു കൂടി തൊഴിൽ നികുതി അടവാക്കാത്ത ജീവനക്കാരെ കണ്ടെത്തി അവരിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

III)പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, ഓഡിറ്റോറിയം എന്നിവയിൽ നിന്നും 2022-23 വർഷം തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല.

IV) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. : 13/23-11-2023, 35/25-11-2023)

## 1-11 കരാറുകാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡിപ്പാർട്ട്മെന്റ് & എഞ്ചിനീയറിംഗ് വിംഗിലെ രേഖകൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കരാറുകാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ബൈജു പി. ഒ.

2 സുരേഷ് കെ.എസ്.

3. സുബിൻ എം.

4. സജീവ് കുമാർ പി. കെ.

5. മണികണ്ഠൻ വി.പി.

മേൽ പരാമർശിച്ച കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടോ എന്ന വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/23.11.2023) മറുപടി ലഭ്യമാക്കിയില്ല. കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്. അഥവാ അവർ മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ രസീതിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്.

## 1-12 തെറ്റായ അടിസ്ഥാന വസ്തുനികുതി നിരക്കിൽ ഡിമാന്റ് ചെയ്ത് തുക ഈടാക്കി

2011-ലെ കേരള പഞ്ചായത്ത്രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം ഉപയോഗക്രമത്തിനനുസരിച്ച് ഓരോ കെട്ടിടങ്ങൾക്കും അടിസ്ഥാന വസ്തുനികുതി നിരക്ക് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ്.

താഴെക്കൊടുത്തിട്ടുള്ളവയ്ക്ക് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തു നികുതി ചുവടെ ചേർക്കുന്നു:

| ക്രമ നം. | കെട്ടിടത്തിന്റെ തരം | അടിസ്ഥാന വസ്തു നികുതി (/ചതുരശ്ര മീറ്റർ) |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ളവ 100 ച. മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 50/- |
| 2 | 100 ച.മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള ഹോട്ടൽ റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 60/- |

എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ, 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി, 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള താഴെക്കൊടുത്തിരിക്കുന്ന വാണിജ്യകെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി 50/-രൂപ നിരക്കിൽ ഡിമാന്റ് ചെയ്ത് തുക ഈടാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | കെട്ടിട ഉടമ | വിസ്തീർണ്ണം | നിലവിൽ ചുമത്തുന്ന വാർഷിക വസ്തുനികുതി | | | | | | | ചുമത്തേണ്ട വാർഷിക വസ്തുനികുതി | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | അടിസ്ഥാന വസ്തു നികുതി | ഇളവുകൾ | വർദ്ധനവ് | അടിസ്ഥാന വസ്തു നികുതി- ഇളവുകൾ+ വർദ്ധനവ് | ലൈബ്രറി സെസ്സ് (5%) | സർവ്വീസ് ചാർജ്ജ് (20%) | വാർഷിക വസ്തു നികുതി | അടിസ്ഥാന വസ്തു നികുതി | ഇളവുകൾ | വർദ്ധനവ് | അടിസ്ഥാന വസ്തു നികുതി- ഇളവുകൾ+ വർദ്ധനവ് | ലൈബ്രറി സെസ്സ് (5%) | സർവ്വീസ് ചാർജ്ജ് (20%) | വാർഷിക വസ്തു നികുതി |

| | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2/601/A | ഷാജി പ്രസാദ്, കാട്ടിലേത്ത് | 151.38 | 7569 | (മേഖല -10%, മേൽക്കൂര -10%) 1513.8 | 1513.8 | സഞ്ചയ പ്രകാരം – 7948 (7569) | 398 | 1590 | **9936** | 9082.8 | (മേഖല -10%, മേൽക്കൂര -10%) 1816.56 | (വഴിസൗകര്യം 20%) 1816.56 | 9082.8 | 454.14 | 1816.56 | **11354** |
| 2 | 10/10 | ഡയറക്ടർ, അമല കാൻസർ ഹോസ്പ്പിറ്റൽ | 125.4 | 6270 | (കാലപ്പഴക്കം -10%) 627 | (വഴിസൗകര്യം 20%) 1254 | സഞ്ചയ പ്രകാരം– 7242 (6897) | 363 | 1449 | **9054** | 7524 | (കാലപ്പഴക്കം -10%) 752.4 | (വഴിസൗകര്യം 20%) 1504.8 | 8276.4 | 413.82 | 1655.28 | **10346** |
| 3 | 10/14 | ഡയറക്ടർ, അമല കാൻസർ ഹോസ്പ്പിറ്റൽ | 668.98 | 33449 | (കാലപ്പഴക്കം -20%) 6689.8 | (വഴിസൗകര്യം 20%) 6689.8 | സഞ്ചയ പ്രകാരം– 35122 (33449) | 1757 | 7025 | **43904** | 40138.8 | (കാലപ്പഴക്കം -20%) 8027.76 | (വഴിസൗകര്യം 20%) 8027.76 | 40138.8 | 2006.94 | 8027.76 | **50174** |
| 4 | 10/96 | ഡയറക്ടർ, അമല കാൻസർ ഹോസ്പ്പിറ്റൽ | 224.6 | 11230 | (കാലപ്പഴക്കം -10%) 1123 | (വഴിസൗകര്യം 20%) 2246 | സഞ്ചയ പ്രകാരം– 12971 (12353) | 649 | 2595 | **16215** | 13476 | (കാലപ്പഴക്കം -10%) 1347.6 | (വഴിസൗകര്യം 20%) 2695.2 | 14823.6 | 741.18 | 2964.72 | **18530** |
| 5 | 11/76/C | സെക്രട്ടറി, ,ഡി.ടി.പി.സി. വിലങ്ങൻ | 146.6 | 7330 | (മേഖല -10%) 733 | - | സഞ്ചയ പ്രകാരം– 6927 (6597) | 347 | 1386 | **8660** | 8796 | (മേഖല -10%) 879.6 | - | 7916.4 | 395.82 | 1583.28 | **9896** |
| 6 | 12/42/I | ഷീബ മുതൽ പേർ, പാറമ്മേൽ | 232.13 | 11606.5 | (മേഖല -10%) 1160.65 | - | സഞ്ചയ പ്രകാരം– 10421 (10445.85) | 522 | 2085 | **13028** | 13927.8 | (മേഖല -10%) 1392.78 | - | 12535.02 | 626.75 | 2507 | **15668.77** |
| 7 | 13/468/A | ഡേവിസ് ചാലക്കൽ പാട്ടക്കാരൻ | 126.95 | 6347.5 | (മേഖല -10%) 634.75 | - | സഞ്ചയ പ്രകാരം– 5999 (5712.75) | 300 | 1200 | **7499** | 7617 | (മേഖല -10%) 761.7 | - | 6855.3 | 342.76 | 1371.06 | **8569.12** |

കുറഞ്ഞ നിരക്കിൽ വസ്തുനികുതി കണക്കാക്കിയതിനുള്ള കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/24-11-2023) മറുപടി ലഭ്യമാക്കിയില്ല. മേൽ വിഷയം പരിശോധിച്ച് വസ്തു നികുതി പുനർനിർണയിക്കേണ്ടതാണ്.

## 1-13 അനധികൃത കെട്ടിടങ്ങൾ ദീർഘകാലമായി വസ്തുനികുതി അടവാക്കുന്നില്ല

ദീർഘകാലമായി വസ്തുനികുതി അടവാക്കാത്ത അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

A) ജനറൽ സെക്രട്ടറി, ഐഡിയൽ എഡ്യുക്കേഷൻ സൊസൈറ്റി, ചിറ്റിലപ്പള്ളി എന്നയാളുടെ ഉടമസ്ഥതയിലുള്ള താഴെ പറയുന്ന അനധികൃത കെട്ടിടങ്ങൾക്ക് 2013-14 മുതൽ നാളിതു വരെ വസ്തുനികുതി അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | കെട്ടിട നമ്പർ | നിർണ്ണയിച്ച വസ്തുനികുതി | സഞ്ചയ പ്രകാരമുള്ള വസ്തുനികുതി കുടിശ്ശിക |
|---|---|---|---|
| 1 | 2/279 A(UA) | 78,205 | 8,23,005 |
| 2 | 2/279B(UN) | 1,11,996 | 11,78,616 |
| 3 | 2/279C(UA) | 2,51,997 | 26,51,967 |
| 4 | 2/279D(UA) | 6,675 | 70,245 |
| 5 | 2/279E(UA) | 33,841 | 3,56,131 |
| 6 | 2/279F(UA) | 17,736 | 1,86,646 |
| 7 | 2/279G(UA) | 1,01,735 | 10,70,635 |
| 8 | 2/279H(UA) | 2,83,623 | 29,84,793 |
| | 10/342B(UA) | 48646 | 372949 |

B)ജോയി ആലപ്പാട്ട്, ആലപ്പാട്ട് ഹൗസ്, മുതുവറ എന്നയാളുടെ ഉടമസ്ഥതയിലുള്ള താഴെ പറയുന്ന അനധികൃത കെട്ടിടങ്ങൾക്ക് 2016-17 മുതൽ നാളിതു വരെ വസ്തുനികുതി അടവാക്കിയിട്ടില്ല.

| ക്രമനമ്പർ | കെട്ടിട നമ്പർ | നിർണ്ണയിച്ച വസ്തുനികുതി | സഞ്ചയ പ്രകാരമുള്ള വസ്തുനികുതി കുടിശ്ശിക |
|---|---|---|---|
| 1 | 10/342B(UA) | 48,646 | 3,72,949 |
| 2 | 10/342C(UA) | 2,865 | 21,961 |

മേൽ വിഷയം പരിശോധിച്ച് പഞ്ചായത്തിന് ലഭിക്കേണ്ടതായ വസ്തുനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. : 20/24-11-2023)

## 1-14 സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല

ഗ്രാമപഞ്ചായത്തിൽ മുഴവൻ കെട്ടിടങ്ങളുടെയും സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല. സഞ്ചയ പ്രകാരം 62 സ്ഥാപനങ്ങളുടെ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കാനുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Ward Name | No. Of Buildings | Purification Completed Count | | | | | | Purification Pending Count |
|---|---|---|---|---|---|---|---|---|
| | | Operator Pending | Operator Completed | Verifier Pending | Verifier Completed | Approver Pending | Approver Completed | |
| ( 1 ) Chittilappilly Padinjattum Muri | 570 | 0 | 570 | 0 | 570 | 0 | 570 | 0 |
| ( 2 ) Chittilappilly Kizhakkumuri | 724 | 5 | 719 | 0 | 719 | 1 | 718 | 6 |
| ( 3 ) Chittilappilly Ground | 677 | 2 | 675 | 0 | 675 | 0 | 675 | 2 |
| ( 4 ) Kannikulam | 675 | 3 | 672 | 0 | 672 | 0 | 672 | 3 |
| ( 5 ) Choorakkattukara | 663 | 1 | 662 | 0 | 662 | 0 | 662 | 1 |
| ( 6 ) Ramanchira | 657 | 1 | 656 | 0 | 656 | 2 | 654 | 3 |
| ( 7 ) Muthuvara | 535 | 4 | 531 | 0 | 531 | 1 | 530 | 5 |
| ( 8 ) Ambakkad | 576 | 2 | 574 | 0 | 574 | 0 | 574 | 2 |
| ( 9 ) Puthhissery | 631 | 1 | 630 | 2 | 628 | 0 | 628 | 3 |
| ( 10 ) Vilangan | 615 | 2 | 613 | 0 | 613 | 0 | 613 | 2 |
| ( 11 ) Puranattukara | 787 | 1 | 786 | 0 | 786 | 2 | 784 | 3 |
| ( 12 ) Parikkad | 768 | 1 | 767 | 1 | 766 | 0 | 766 | 2 |
| ( 13 ) Moorpara | 659 | 2 | 657 | 0 | 657 | 0 | 657 | 2 |
| ( 14 ) Samskrutham College | 620 | 2 | 618 | 0 | 618 | 0 | 618 | 2 |
| ( 15 ) Maanidam | 580 | 1 | 579 | 4 | 575 | 3 | 572 | 8 |
| ( 16 ) Udalakkavu | 633 | 4 | 629 | 3 | 626 | 1 | 625 | 8 |
| ( 17 ) Ambalamkavu | 516 | 0 | 516 | 3 | 513 | 0 | 513 | 3 |
| ( 18 ) Adat | 736 | 4 | 732 | 3 | 729 | 0 | 729 | 7 |
| Total | 11622 | 36 | 11586 | 16 | 11570 | 10 | 11560 | 62 |

ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. : 20/24-11-2023)

## 1-15 ഒരേ പ്രദേശത്തെ സമീപ കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല നിർണ്ണയം നടത്തി

ഗ്രാമപഞ്ചായത്തിൽ ഒരേ പ്രദേശത്തെ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല നിർണ്ണയം നടത്തിയിട്ടുണ്ട്. പഞ്ചായത്തിലെ 16, 18 എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല നിർണയം നടത്തിയതായി കാണുന്നു.

| ക്രമ നമ്പർ | കെട്ടിട നം. | കെട്ടിട ഉടമ | പ്രദേശം | റോഡ് തരം | മേഖല |
|---|---|---|---|---|---|
| 1 | 18/4 | സന്തോഷ് പള്ളിക്കുടത്ത് | അടാട്ട് ചിറ്റിലപ്പിള്ളി റോഡ് | 5 മീറ്ററോ അതിൽ കൂടുതലോ | ദ്വിതീയം |

| | | | | | |
|---|---|---|---|---|---|
| | 18/4A | ബീന ബാബു കൊട്ടേക്കാടൻ | അടാട്ട് ചിറ്റിലപ്പിള്ളി റോഡ് | 5 മീറ്ററോ അതിൽ കൂടുതലോ | പ്രഥമം |
| 2 | 18/330A | ജയൻ ചോക്കുളങ്ങര | ചുങ്കത്ത് റോഡ് സബ് ലൈൻ | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| | 18/330B | ശ്യാമളദാസ് പുതുമന | ചുങ്കത്ത് റോഡ് സബ് ലൈൻ | 1.5 മീറ്ററിൽ കൂടുതൽ | പ്രഥമം |
| 3 | 18/561A | പ്രസിഡൻറ് & സെക്രട്ടറി,അമ്പിളി തിയ്യറ്റേഴ്സ്( ക്ലബ്ബ് ),അടാട്ട് | അമ്പലംകാവ് ഉടലക്കാവ് റോഡ് | 5 മീറ്ററോ അതിൽ കൂടുതലോ | ദ്വിതീയം |
| | 18/561B | ശശി തൈവളപ്പിൽ | അമ്പലംകാവ് ഉടലക്കാവ് റോഡ് | 5 മീറ്ററോ അതിൽ കൂടുതലോ | പ്രഥമം |
| 4 | 16/127 | ഷൈലജ വലിയകത്ത് | അമ്പലംകാവ് ഉടലക്കാവ് റോഡ് | 5 മീറ്ററോ അതിൽ കൂടുതലോ | ദ്വിതീയം |
| | 16/127A | ടി എസ് പട്ടാഭിരാമൻ(കല്യാൺ എക്സ്റ്റൻഷൻ) | അമ്പലംകാവ് ഉടലക്കാവ് റോഡ് | 5 മീറ്ററോ അതിൽ കൂടുതലോ | പ്രഥമം |
| 5 | 16/361 | വിനയൻ കാനാട്ട് | കുന്നംപുറം റോഡ് രണ്ട് | 5 മീറ്ററോ അതിൽ കൂടുതലോ | ദ്വിതീയം |
| | 16/361A | മുരളീധരൻ ചേലപ്പാടത്ത് | കുന്നംപുറം റോഡ് രണ്ട് | 5 മീറ്ററോ അതിൽ കൂടുതലോ | പ്രഥമം |

വ്യത്യസ്ത മേഖലനിർണയത്തിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.37/25.11.2023) മറുപടി ലഭ്യമാക്കിയില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിൽ മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

തെറ്റായി മേഖലാ നിർണ്ണയം നടത്തിയതിന് ഉദാഹരണങ്ങൾ മാത്രമാണ് മേൽ സൂചിപ്പിച്ചത്. മുഴവൻ വാർഡുകളും പരിശോധിച്ച് മേഖലാ നിർണ്ണയത്തിൽ വ്യത്യാസം വന്ന കെട്ടിടങ്ങളുടെ മേഖല കൃത്യമാക്കേണ്ടതും കെട്ടിടങ്ങളുടെ മേഖലയ്ക്കനുസൃതമായി വർദ്ധനവ്/ഇളവ് നല്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-16 പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തി നികുതി ചോർച്ച ഒഴിവാക്കേണ്ടതാണ്

കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ജി2, ഐ. ഒക്യുപ്പൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുവാൻ സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പഞ്ചായത്തിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/24.11.2023) മറുപടി ലഭ്യമാക്കിയില്ല. മേൽ ചട്ട പ്രകാരമുള്ള പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തേണ്ടതും അവയിൽ നിന്നും നിയമാനുസൃത വസ്തു നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-17 വാടക - അപാകങ്ങൾ

I) 2022-23 വർഷത്തിൽ വാടക ഇനത്തിൽ കളക്ഷനിൽ കുറവ് വന്ന 97154/- രൂപയ്ക്ക് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. രേഖകൾ ലഭ്യമാക്കിയില്ല.
തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

II) <u>ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കേണ്ടതും ആധികാരികരേഖയായി സൂക്ഷിക്കേണ്ടതുമാണ്</u>

1) ഷോപ്പിംഗ് കോംപ്ലക്സ് കടമുറികളിൽ നിന്നും വാടക പിരിക്കുന്നതുമായി ബന്ധപ്പെട്ട ബൈലോ 31.07.2006 ൽ സർക്കാർ അംഗീകാരം നേടിയിട്ടുള്ളതാണ്. ആയത് പുതുക്കേണ്ടതാണ്.

2)അടാട്ട് പഞ്ചായത്തിന് ഉടലക്കാവ് മഹാത്മാഗാന്ധി സാംസ്കാരിക നിലയം, പാരിക്കാട് വിവേകാനന്ദ സാംസ്കാരിക നിലയം, മുതുവറ KR നാരായണൻ കമ്മ്യൂണിറ്റി ഹാൾ എന്നിവ കൂടാതെ കമ്മ്യൂണിറ്റി ഹാളുകൾ നിലവിലുണ്ടോ, ഹാൾ & ഓഡിറ്റോറിയം വാടക സംബന്ധിച്ച സർക്കാർ അംഗീകൃത ബൈലോ നിലവിലുണ്ടോ തുടങ്ങിയ വിവരങ്ങൾ ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.
ബൈലോ തയ്യാറാക്കേണ്ടതും സർക്കാർ അംഗീകാരം ലഭ്യമാക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി നം. : 24/24-11-2023)

## 1-18 ലേലം - അപാകങ്ങൾ

I) വാർഷിക കണക്കിലെ RP-5 പ്രകാരമുള്ള വരവുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>RP-5 Sale & Hire Charges (R)</u>

| ക്രം നം. | Code | Head | തുക |
|---|---|---|---|
| 1 | 150100108 | Receipts From Sale Of Sand | 3,500 |
| 2 | 150100105 | Receipts From Sale Of Fish Farm Products | 2,690 |
| 3 | 150100109 | Receipts From Sale Of Manure | 2,000 |
| 4 | 150100199 | Receipts From Sale Of Other Products | 525 |
| 5 | 150110101 | Receipts From Sale Of Tender Forms | 17,388 |
| 6 | 150120103 | Receipts From Auction Of Obsolete Assets | 106,143 |
| 7 | 150120102 | Receipts From Sale Of Scrap/ Empties And Waste Materials | 34,050 |
| ആകെ | | | 166,296 |

മേൽ തുകകളെ സാധൂകരിക്കുന്ന രേഖകൾ ഒന്നും തന്നെ ഹാജരാക്കിയില്ല. ലേല രജിസ്റ്റർ, ലേല ഡയറി എന്നിവ ലഭ്യമാക്കിയില്ല.

Ii) ലേലം സംബന്ധിച്ച 2022-23 വർഷത്തെ പഞ്ചായത്ത് കമ്മറ്റി തീരുമാനങ്ങൾ താഴെ ചേർക്കുന്നു.

1. തീരുമാന നമ്പർ - 17(1) /01.06.2022

അടാട്ട് ഗ്രാമപഞ്ചയത്ത് 3, 16 വാർഡിലെ പ്ലാവ്, വേങ്ങ മരം എന്നിവ ലേലം വെച്ചിട്ടും ലേലമാകാത്തത് സംബന്ധിച്ച് ലേലതുക കുറച്ച് തീരുമാനമെടുക്കുന്നതിന് സമർപ്പിച്ച കത്ത് കമ്മിറ്റിയിൽ വായിച്ചു. 3 തവണ ലേലം നടത്തിയിട്ടും ആരും ലേലം എടുക്കാൻ തയ്യാറല്ലാത്ത സാഹചര്യത്തിൽ ലേലതുക കുറക്കുന്നതിന് ഭരണസമിതി യോഗം തീരുമാനിച്ചു. ആയതിനുവേണ്ട നടപടികൾ ചെയ്ത് പുനർലേലം നടത്തുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

2. തീരുമാന നമ്പർ 20(4) / 01.06.2022

ക്രം നം.5.ചൂരക്കാട്ടുകര സ്കൂൾ പരിസരത്ത് കൂടി കിടക്കുന്ന മണ്ണ് , പഴയ ഓട് , ഇഷ്ടിക -8664 / -രൂപ. ടി വസ്തുക്കൾ ലേലം ചെയ്ത് ഒഴിവാക്കാൻ തീരുമാനിച്ചു.

3.തീരുമാന നമ്പർ 22(1) / 22.08.2022

അടാട്ട് ഗ്രാമപഞ്ചായത്തിൽ വാർഡ് 1 , 11 വാർഡിലെ അങ്കണവാടികളിലെ ഉപയോഗ്യശൂന്യമായ മെറ്റീരിയൽസ് , DTP ചൂരക്കാട്ടുകര (MKS) റോഡ് പുനരുദ്ധാരണവും DTP അമല കുറ്റൂർ റോഡ് കാന നിർമ്മാണവും ചെയ്തതിന്റെ ഭാഗമായി അമല കുറ്റൂർ റോഡിലെ പുറമ്പോക്ക് സ്ഥലത്ത് കൂട്ടിയിട്ടിരിക്കുന്ന മണ്ണ്, മൃഗാശുപത്രിയിൽ കൂട്ടിയിട്ടിരിക്കുന്ന പാഴ് വസ്തുക്കൾ എന്നിവ ലേലം ചെയ്യുന്നതിന് യോഗം അംഗീകരിച്ച് തീരുമാനിച്ചു.

4. തീരുമാന നമ്പർ 13(1) / 18.11.2022

വില്ലുപാറയിലെ 2 കുളങ്ങൾ ലേലം ചെയ്യുന്നത് സംബന്ധിച്ച അപേക്ഷയിൽ യോഗം ചർച്ച ചെയ്തു. വില്ലുപാറയിലെ 2 കുളങ്ങൾ ലേലം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

5. തീരുമാന നമ്പർ 2(2) / 23/03/2023

അസി.എഞ്ചിനീയർ, എൽ എസ് ജി ഡി യുടെ പ്രൊ.നം-174/23- പ്രവൃത്തിയിൽ നിന്നും നീക്കം ചെയ്ത ഉപയോഗശൂന്യമായ ഇരുമ്പിന്റെ ലേല നടപടികൾക്കായി സമർപ്പിച്ച വാല്വേഷൻ തുക യോഗം ചർച്ച ചെയ്തു. 9900/- രൂപയുടെ വാല്വേഷൻ തുകയാണ് സമർപ്പിച്ചിരിക്കുന്നത്. ആയതിന്റെ ലേല നടപടികൾക്കായി സെക്രട്ടറിയെ ചുമതലപ്പെടുത്തി യോഗം തീരുമാനിച്ചു.

മേൽ തീരുമാനങ്ങളിൽ സ്വീകരിച്ച തുടർനടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. : 26/24-11-2023) മറുപടി ലഭ്യമാക്കിയില്ല. 2022-23 വർഷത്തിൽ മേൽ വസ്തുക്കളുടെ ലേലം നടന്നിട്ടുണ്ടോ എന്ന് കൃത്യമായി പരിശോധിക്കാൻ രജിസ്റ്ററുകളുടെ അഭാവത്തിൽ ഓഡിറ്റിന് സാധിച്ചില്ല.

ലേല രജിസ്റ്റർ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ലേലങ്ങൾ കൃത്യമായി നടന്നിട്ടുണ്ടെന്ന് ഭരണസമിതി ഉറപ്പ് വരുത്തേണ്ടതാണ്.

**1-19 വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിനുള്ള പരമാവധി ഫീസ് ഈടാക്കിയിട്ടില്ല**

2022-23 വർഷത്തിൽ പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചിട്ടുള്ളതും വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ സ്ഥാപിച്ചിട്ടുള്ളതുമായ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ഈടാക്കാവുന്ന പരമാവധി ഫീസ് ഈടാക്കിയിട്ടില്ല. ലൈസൻസ് രജിസ്റ്റർ പ്രകാരമുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ | യന്ത്രസാമഗ്രിയുടെ ശേഷി (HP) | ലൈസൻസ് ചട്ടം പട്ടിക III പ്രകാരം ഈടാക്കാവുന്ന പരമാവധി ഫീസ് | ഈടാക്കിയ ഫീസ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 74 | പ്രിൻസൺ എ.ടി.-ഫ്ലോർ & ഓയിൽ മിൽ | 10 | 100 | - |
| 253 | ലോറൻസ് സി.ഡി. – ഫ്ലോർ മിൽ | 10 | 100 | - |
| 471 | ആനി ജോർജ് – റൈസ് മിൽ | 10 | 100 | - |
| 527 | സ്നേഹൻ സി.എസ്.- ഫ്ലോർ & ഓയിൽ മിൽ | 7.5 | 100 | - |
| 550 | ജോയ് കെ.പി.- റൈസ്, ഫ്ലോർ & ഓയിൽ മിൽ | രേഖപ്പെടുത്തിയിട്ടില്ല | - | - |

വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും ഈടാക്കാവുന്ന പരമാവധി ഫീസ് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. :22/24-11-2023)

## 1-20 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ഉള്ള ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതാണ്

1) ഗ്രാമപഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നമ്പർ നൽകിയതിന്റെ വിവരങ്ങൾ സ്ഥാപനത്തിലെ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം താഴെപറയും പ്രകാരമാണ്.
100 ച.മീ വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ – 1505 എണ്ണം
100 ച.മീ മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ – 65 എണ്ണം
200 ച.മീ വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ – 2 എണ്ണം
200 ച.മീ മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ – 7 എണ്ണം
വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, ഫ്യുവൽ സ്റ്റേഷൻ – 10 എണ്ണം
ആകെ – 1589 എണ്ണം

ഗ്രാമപഞ്ചായത്തിൽ ആകെ 1589 കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യങ്ങൾക്കായി കെട്ടിട നമ്പർ അനുവദിച്ചതായി സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് വ്യക്തമാവുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ 2022-23 വർഷം വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ഉള്ള ലൈസൻസ് നൽകിയതിന്റെ രേഖകൾ പരിശോധിച്ചപ്പോൾ വാണിജ്യാവശ്യത്തിന് കെട്ടിട നമ്പർ അനുവദിച്ച 1589 കെട്ടിടങ്ങളിൽ 609 സ്ഥാപനങ്ങൾ മാത്രമെ വാണിജ്യ ഉപയോഗങ്ങൾക്കായി പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടുള്ളു. ബാക്കിയുള്ള 980 കെട്ടിടങ്ങളിൽ ഏതുതരം സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമല്ല.
ഗ്രാമപഞ്ചായത്തിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തുകയും ഓരോ വാർഡിലെയും വാണിജ്യ കെട്ടിടങ്ങൾ എല്ലാം ഉൾപ്പെടുത്തിക്കൊണ്ട് ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കുകയും ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ഇത്തരത്തിലുള്ള നടപടികൾ സ്വീകരിക്കുന്നത് ഗ്രാമപഞ്ചായത്തിലെ മുഴുവൻ വ്യാപാരസ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിനും ലൈസൻസ് ഫീ ഇനത്തിൽ വരുമാനവർദ്ധനവിനും സഹായകമാകുന്നു.
വാണിജ്യാവശ്യങ്ങൾക്കായി കെട്ടിട നമ്പർ അനുവദിച്ചതായി സഞ്ചയ സോഫ്റ്റ് വെയറിൽ കൊടുത്തിട്ടുള്ള കെട്ടിടങ്ങൾ പരിശോധിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
2) കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങളും ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റു

സേവനങ്ങളും) ഭേദഗതി ചട്ടങ്ങൾ 2017 ലെ ചട്ടം 24(vi) പ്രകാരം : "ഏത് സ്ഥലത്തിന്റെ കാര്യത്തിൽ ലൈസൻസ് നൽകിയിരിക്കുന്നുവോ ആ സ്ഥലത്ത് എല്ലാവരും കാണത്തക്കവിധത്തിലുള്ള ഒരു ഭാഗത്ത് ലൈസൻസുകാരൻ തന്റെ പേരും, ലൈസൻസിന്റെ നമ്പരും, ഉദ്ദേശവും കാണിക്കുന്ന ഒരു അടയാളപ്പലക വച്ചിരിക്കേണ്ടതാണ്." ആയത് ഉറപ്പ് വരുത്തിയിട്ടുണ്ടോ എന്ന് അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അപ്രകാരം ചെയ്യുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

3) കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങളും ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റു സേവനങ്ങളും) ഭേദഗതി ചട്ടങ്ങൾ 2017 ലെ ചട്ടം 24 ൽ ലൈസൻസ് ലഭിക്കുന്നയാൾ അനുസരിക്കേണ്ട നിർദ്ദേശങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്. ആയത് പാലിക്കപ്പെടുന്നുണ്ടോ എന്ന് അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അപ്രകാരം ചെയ്യുന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

4)ഡബ്ല്യൂ.പി.സി 22937/2021 നമ്പർ റിട്ട് ഹർജിയിൽ ബഹു.കേരള ഹൈക്കോടതി പുറപ്പെടുവിച്ച 11.7.2022 ലെ വിധിന്യായത്തിലെ നിർദ്ദേശാനുസാനുസരണം തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ച 1.8.2022 ലെ എൽ.എസ്.ജി.ഡി-ആർ ഡി 1/147/2022 നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അതത് അധികാരപരിധിയിൽ 1963 ലെ Kerala Places Of Public Resort Act പ്രകാരമുള്ള ലൈസൻസ് ഇല്ലാതെ ഏതെങ്കിലും ജിംനേഷ്യങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് കണ്ടെത്തി അത്തരത്തിൽ പ്രവർത്തിക്കുന്ന ജിംനേഷ്യങ്ങൾക്ക് മൂന്ന് മാസത്തിനുള്ളിൽ നിർബന്ധമായും ലൈസൻസ് നേടാൻ നിർദ്ദേശിച്ച നോട്ടീസ് നല്കാൻ ആവശ്യപെട്ടിട്ടുണ്ട്. മേൽ സർക്കുലർ പ്രകാരം സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. : 22/24-11-2023) മറുപടി ലഭ്യമാക്കിയില്ല. ജിംനേഷ്യങ്ങൾക്ക് Kerala Places Of Public Resort Act പ്രകാരമുള്ള ലൈസൻസ് ലഭ്യമാക്കേണ്ടതാണ്.

5) ലൈസൻസ് രജിസ്റ്ററിലെ ക്രമ നം.50, കെട്ടിട നം.6/354 ൽ സൂപ്പർമാർക്കറ്റ് പ്രവർത്തിക്കുന്നു എന്ന് രേഖപ്പെടുത്തി ലൈസൻസ് നല്കിയിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ടി കെട്ടിടം പ്രകാശ് എം.ഡി. യുടെ പേരിലുള്ള പാർപ്പിടാവശ്യത്തിനുള്ള 111.75 $M^2$ വിസ്തീർണ്ണമുള്ള കെട്ടിടമാണ്. മേൽ വിഷയം പരിശോധിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. : 22/24-11-2023)

പാരാമെഡിക്കൽ സ്ഥാപനങ്ങൾ വ്യാപാരലൈസൻസ് എടുത്തിട്ടില്ല

താഴെക്കൊടുത്തിരിക്കുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾ ഓഡിറ്റ് വർഷത്തിൽ പാരാമെഡിക്കൽ രജിസ്ട്രേഷൻ ഫീസ് ഒടുക്കിയിട്ടുണ്ടെങ്കിലും വ്യാപാരലൈസൻസ് എടുത്തിട്ടില്ല.

1.ആദീസ് സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്, മുളവറ – ഡോ. രാജീവ് കെ ജി

2.ശ്രീ അച്യുതവാര്യർ സ്മാരക ക്ലിനിക്, ആയുർവേദം – ഡോ. ആർ. രാജേഷ് കോലഴി

3.ഡയാകെയർ ഡയബറ്റിസ് സെന്റർ – ഡോ. മുഹമ്മദ് റിഷാദ്

4.റിവർസ്റ്റോൺ ഡെന്റൽ കെയർ -ശ്രീനിക് വൽസൻ

5.ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റീഹാബിലിറ്റേഷൻ സെന്റർ – അഭിലാഷ് ജോസഫ്

6.ജാൻവി ഡെന്റൽ ക്ലിനിക് – ഡോ. വീണ ജെ

വ്യാപാരലൈസൻസ് ഫീസ് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. : 23/24-11-2023)

## 1-21 ഫാം ലൈസൻസ് ഈടാക്കുന്നത് സംബന്ധിച്ച് പരിശോധനകൾ നടത്തേണ്ടതാണ്

2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം താഴെ പറയുന്ന എണ്ണത്തിൽ കൂടുതൽ മൃഗങ്ങളെയോ, പക്ഷികളെയോ വളർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു ലൈവ്സ്റ്റോക്ക് ഫാം സ്ഥാപിക്കുന്നതിനോ നടത്തി കൊണ്ടു പോകുന്നതിനോ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്.

(I) കന്നുകാലി ഫാം : 5 മൃഗങ്ങൾ

(Ii) ആട് ഫാം : 20 മൃഗങ്ങൾ

(Iii) പന്നി ഫാം : 5 മൃഗങ്ങൾ

(Iv) മുയൽ ഫാം : 25 മൃഗങ്ങൾ

(V) പൗൾട്രി ഫാം : 100 പക്ഷികൾ

I) സഞ്ചയ സോഫ്റ്റ് വെയറിലെ വിവിധ കെട്ടിടങ്ങളുടെയും അവയുടെ ഉപയോഗക്രമങ്ങളും വസ്തുനികുതി ഡിമാന്റും, കളക്ഷനും പരിശോധിച്ചതിൽ (ഫോറം 6) പഞ്ചായത്ത് പരിധിയിൽ താഴെക്കൊടുത്തിരിക്കുന്ന ഫാം പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | കെട്ടിട നം. | വിസ്തീർണ്ണം (ച.മീ) | ഉപയോഗ ക്രമം |
|---|---|---|---|---|
| 1. | ഷാജി കെ.പി. , കാട്ടിലേത്ത് | 2/572A | 216 | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - **ലൈവ് സ്റ്റോക്ക് ഷെഡ്** |
| 2 | ബാബു കരിയക്കോട്ട് | 8/128A | 23.3 | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - **ലൈവ് സ്റ്റോക്ക് ഷെഡ്** |
| 3 | ടി.എസ്.പട്ടാഭിരാമൻ, കല്ല്യാൺ എക്സ്റ്റൻഷൻ | 16/127A | 285.6 | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - **ലൈവ് സ്റ്റോക്ക് ഷെഡ്** |

ലൈവ് സ്റ്റോക്ക് ഫാം രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. മേൽ കൊടുത്തിരിക്കുന്ന ലൈവ്സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ അനധികൃതമായി പ്രവർത്തിക്കുന്നതാണോ എന്നത് സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/23-11-2023) മറുപടി ലഭ്യമാക്കിയില്ല. പരിശോധന നടത്തി ഫാം ലൈസൻസ് എടുക്കേണ്ടതുണ്ടെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

II) താഴെ കൊടുത്തിരിക്കുന്നവർ ഡയറി ഫാം ഇൻസ്പെക്ടറുടെ പാലിനുള്ള സബ്സിഡി അധികവിഹിതം വാങ്ങുന്നവരാണ്. അവർക്ക് സ്വന്തമായി അഞ്ചിൽ കൂടുതൽ കന്നുകാലികൾ ഉണ്ടെങ്കിൽ ഫാം ലൈസൻസ് എടുക്കേണ്ടതാണ്.

1. അഭിലാഷ് പി.പി.(വാർഡ് 2)

2. സി.കെ.ഷാജു ചിറ്റിലപ്പിള്ളി

3.കെ.പി.ഷാജി

മേൽ ലിസ്റ്റിൽ കൊടുത്തിരിക്കുന്നവരുടെ ഉടമസ്ഥതയിലുള്ള കന്നുകാലികളുടെ എണ്ണം ഉറപ്പ് വരുത്തി ഫാം ലൈസൻസ് എടുക്കേണ്ടതുണ്ടെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഫീസ് അടവാക്കിയിട്ടില്ല

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ (ചട്ടങ്ങൾ) ചട്ടം (3) പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ ഈ ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും പ്രവർത്തിക്കാൻ പാടുള്ളതല്ല.

താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തിട്ടില്ലെങ്കിൽ എത്രയും പെട്ടെന്ന് രജിസ്ട്രേഷൻ ഫീസ് ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം പുതുക്കൽ ഫീസ് ഈടാക്കേണ്ടതാണ്.

1.തങ്കമണി മദനൻ കുന്നത്ത് (2/29)-ഡെന്റൽ ക്ലിനിക്

2.ഡോ. രാജീവ് കുമാർ (10/454D) -ഡെന്റൽ ക്ലിനിക്

3.ഷേർളി ജോൺസൺ (14/247 D,E)– ലാബ്

4.ശാലിനി പടിഞ്ഞാറേറ്റ് (13/25E)- ലാബ്

5.നിത്യ രാജേഷ് (2/476)-ആയുർവേദ ക്ലിനിക്ക്

പാരാമെഡിക്കൽ രജിസ്ട്രേഷൻ/പുതുക്കൽ ഫീസ് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. : 23/24-11-2023)

## 1-23 റോഡ് റെസ്റ്റോറേഷൻ ചാർജ്ജ് -ഫയലുകൾ ഹാജരാക്കിയില്ല

റോഡ് റെസ്റ്റോറേഷൻ സംബന്ധിച്ച ഭരണസമിതിയുടെ തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു:

1) 15/03/2022 ലെ തീരുമാനം നം.22(1)

അമല ആശുപത്രിയിലേക്ക് കുടിവെള്ള പൈപ്പ് ലൈൻ (വിലങ്ങൻകുന്ന് റോഡിൽ)പഴയത് മാറ്റി പുതിയ പി വി സി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് അനുമതി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഡയറക്ടർ, Amala Institute Of Medical Sciences സമർപ്പിച്ച കത്തിൽ റോഡ് റെസ്റ്റോറേഷൻ ചാർജ്ജായി 6,30,519 /- രൂപ അടവാക്കണമെന്ന് AE LSGD റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് കമ്മിറ്റിയിൽ ചർച്ച ചെയ്തു. അനുമതി നൽകുന്നതിന് തീരുമാനിച്ചു.

2) 22/04/2022 ലെ തീരുമാനം നം.4(1)

അടാട്ട് ഗ്രാമപഞ്ചായത്തിൽ വിവിധ ആവശ്യങ്ങൾക്ക് റോഡ് കട്ടിംഗിന് അനുമതി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ലഭ്യമായ കത്തുകൾ കമ്മിറ്റിയിൽ വായിച്ചു.

1.ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡ് -2 അപേക്ഷകൾ

2.ദീപു ജോൺ, മാനേജർ, അദനി ഗ്യാസ്-1 അപേക്ഷ

ടി അപേക്ഷകൾ AE, LSGD -പരിശോധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും ആയത് പ്രകാരം പഞ്ചായത്തിൽ അടവാക്കാനുള്ള തുക ടി അപേക്ഷകരിൽ നിന്നും ലഭ്യമാക്കുന്ന മുറയ്ക്ക് ആയതിന് അനുമതി നൽകുന്നതാണെന്നും, സെക്രട്ടറി കമ്മറ്റിയെ അറിയിച്ചു.

3) 18/11/2022 ലെ തീരുമാനം നം.25(1)

അടാട്ട് ഗ്രാമപഞ്ചായത്തിൽ വിവിധ സ്ഥലങ്ങളിൽ ജിയോ ഫൈബർ ലിമിറ്റഡ് നടത്തിവരുന്ന കേബിൾ Laying പ്രവർത്തനവുമായി ബന്ധപ്പെട്ട് പരാതി നിലനിൽക്കുന്നതിനാൽ സുഗമ അപ്ലിക്കേഷനിൽ Hold ചെയ്തു ജിയോ ഫൈബർ ലിമിറ്റഡ് സമർപ്പിച്ച ROW/1043999/50332 നമ്പർ അപേക്ഷ കമ്മിറ്റിയിൽ വായിച്ചു. ജിയോ ഫൈബർ ലിമിറ്റഡ് പഞ്ചായത്തിന്റെ പൊതു വഴിയിൽ വെള്ളം ഒഴുകി പോകുന്നതിനും ഗതാഗതത്തിന് തടസ്സം ഉണ്ടാകുന്ന രീതിയിലുമാണ് പല സ്ഥലങ്ങളിലും പോസ്റ്റുകൾ സ്ഥാപിച്ചിട്ടുള്ളത്. ആയതിനാൽ ഇതുമായി ബന്ധപ്പെട്ട് നിരവധി പരാതികൾ പൊതു ജനങ്ങൾക്കിടയിലുണ്ട്. ആയതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് കമ്മിറ്റി യോഗത്തിലും ജനപ്രതിനിധികൾ മേൽപറഞ്ഞ കാര്യത്തിൽ വസ്തുതയുണ്ടെന്നും കുഴിയെടുക്കുന്നതിന് വേണ്ടി എടുത്ത മണ്ണ് ദുരുപയോഗം ചെയ്തതായും മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ജിയോ പ്രതിനിധിയെ നേരിൽ കണ്ട് വിശദീകരണം ചോദിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി യോഗം തീരുമാനിച്ചു.

റോഡ് റെസ്റ്റോറേഷൻ ചാർജ്ജ് സംബന്ധിച്ച ഫയൽ ലഭ്യമാക്കിയില്ല. അതിനാൽ ക്രമ നം. (1), (2) എന്നിവ പ്രകാരമുള്ള വരവുകൾ സംബന്ധിച്ചും, ക്രമ നം (3) പ്രകാരമുള്ളതിന്റെ നിലവിലെ സ്ഥിതിയും അറിയുവാൻ സാധിച്ചില്ല.

വാർഷികകണക്കിലെ RP-4 പ്രകാരം Restoration Charges For Road Cutting (ശീർഷകം-140500209) ഇനത്തിൽ 25,37,975/- രൂപയുടെ വരവുണ്ട്. എന്നാൽ ഫയൽ ലഭ്യമാക്കാത്തതിനാൽ വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

ടി വരവിന്റെ കൃത്യത ഭരണസമിതി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. : 21/23-11-2023)

## 1-24 ഡെവലപ്മെന്റ് പെർമിറ്റ് സംബന്ധിച്ച കേസ്-തുടർനടപടികൾ അറിയിക്കേണ്ടതാണ്

അടാട്ട് ഗ്രാമപഞ്ചായത്ത് പതിനൊന്നാം വാർഡ് വിലങ്ങൻ കുന്നിൽ ശ്രീ ജേക്കബ് S/o എൻ കെ പീറ്റർ നീലങ്കാവിൽ ഹൗസ്, പുറനാട്ടുകര എന്നവർ മൂന്ന് വാസ ഗൃഹങ്ങൾ നിർമ്മിക്കുന്നതിന് പഞ്ചായത്തിൽ പെർമിറ്റിന് അപേക്ഷിച്ചിരുന്നു. എന്നാൽ മണ്ണിടിച്ചിൽ സാധ്യതയുള്ള പ്രകൃതി ലോല മേഖലയായ വിലങ്ങൻ കുന്നിൽ നിന്നും മണ്ണ് എടുത്തു നീക്കിയാൽ മാത്രമേ ടിയാന് കെട്ടിട നിർമ്മാണം സാധിക്കുകയുള്ളൂ എന്നതിനാൽ പഞ്ചായത്തിൽ നിന്നും പെർമിറ്റ് അനുവദിച്ചില്ല. ബഹു ഹൈക്കോടതി 15.12.22 ലെ WP(C)37373 നമ്പർ ഉത്തരവ്

പ്രകാരം ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനുള്ളിൽ ടിയാന് പെർമിറ്റ് അനുവദിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. ആയതിൽ തുടർനടപടി എടുക്കുന്ന കാര്യം കമ്മിറ്റി മുമ്പാകെ ചർച്ചയ്ക്ക് വന്നു. അടാട്ട് ഗ്രാമപഞ്ചായത്ത് എൽ എസ് ജി ഡി അസിസ്റ്റന്റ് എൻജിനീയർ ഓഫീസിന്റെ താഴെപ്പറയുന്ന പ്രകാരമുള്ള റിപ്പോർട്ട് കമ്മിറ്റി ചർച്ച ചെയ്തു. പുറനാട്ടുകര വില്ലേജിൽ റീസർവ്വേ നമ്പർ 98 /1-1 ൽ 5058 ചതുരശ്ര മീറ്റർ സ്ഥലത്ത് ശ്രീ ജേക്കബ് എന്നവർ 196.95 ചതുരശ്ര മീറ്റർ വീതം നിർമ്മിത വിസ്തീർണ്ണം വരുന്ന മൂന്ന് വാസ ഗൃഹങ്ങൾ ( ആകെ നിർമ്മിത വിസ്തീർണ്ണം 590.85 ചതുരശ്ര മീറ്റർ ) നിർമ്മിക്കുന്നതിന് അപേക്ഷിച്ചിരുന്നു. ടി സ്ഥലം വിലങ്ങൻ കുന്നിന്റെ ഭാഗമായി വരുന്ന കുത്തനെയുള്ള ചെരിഞ്ഞ പ്രദേശമാണ് . മൂന്ന് വാസഗൃഹങ്ങൾ നിർമ്മിക്കുന്നതിന് വേണ്ടി 385.75 ചതുരശ്ര മീറ്റർ സ്ഥലത്ത് നിന്നും 2682.63 $M^3$ മണ്ണ് എടുത്തുമാറ്റി പ്ലോട്ട് ലെവൽ ചെയ്യണമെന്നാണ് പ്ലാനിൽ കാണിച്ചിട്ടുള്ളത്. പുറകിൽ 10 മീറ്ററിൽ കൂടുതൽ ഉയരത്തിൽ മണ്ണ് എടുത്തു മാറ്റുന്നതായി കാണിച്ചിരുന്നു . ആയത് ഏകദേശം 1.50 യൂണിറ്റ് അളവ് വരുന്ന 630 ലോഡ് ടിപ്പർ മണ്ണാണ് ആ പ്ലോട്ടിൽ നിന്നും എടുത്തുമാറ്റുന്നത്. ഇത്രയും മണ്ണെടുത്ത് മാറ്റുന്നത് പരിസ്ഥിതിക പ്രശ്നങ്ങൾക്കും മണ്ണിടിച്ചിലിനും ഭൂഗർഭജല ലഭ്യത കുറയ്ക്കുന്നതിനും കാരണമാകും.

29/12/2022 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാന നമ്പർ 1(1) പ്രകാരം മേൽ റിപ്പോർട്ട് ചർച്ച ചെയ്ത കമ്മിറ്റി ഉദ്ദേശം 630 ലോഡ് മണ്ണ് എടുത്തു മാറ്റുന്നത് വലിയ പാരിസ്ഥിതിക ദുരന്തത്തിലേക്ക് നയിക്കുമെന്ന് വിലയിരുത്തി. ബഹു ഹൈക്കോടതി ഉത്തരവിന് എതിരെ അപ്പീൽ നൽകുന്നതിന് പഞ്ചായത്തിന്റെ സ്റ്റാൻഡിങ് കൗൺസലിനെ ചുമതലപ്പെടുത്തുന്നതിനും ഈ വിഷയത്തിൽ ബഹു ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ, ജിയോളജി വകുപ്പ്, ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ എന്നിവരുടെ ഇടപെടലിനുള്ള നടപടികൾക്കും തീരുമാനിച്ചു.
ഈ വിഷയത്തിൽ പഞ്ചായത്ത് എന്ത് നടപടി സ്വീകരിച്ചുവെന്നും ബഹു ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ, ജിയോളജി വകുപ്പ് ഓഫീസർ, ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ എന്നിവരുടെ ഇടപെടലിനുള്ള നടപടികൾ കൈക്കൊണ്ടോയെന്നും ഹൈക്കോടതി ഉത്തരവിന് എതിരെ അപ്പീൽ പോയിട്ടുണ്ടോയെന്നും ഉള്ള വിവരങ്ങൾ ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 27/24-11-2023) മറുപടി ലഭ്യമാക്കിയില്ല.
തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

**1-25 ഡെപ്പോസിറ്റ് പ്രവൃത്തികൾ-വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്**

സെക്രട്ടറി നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന പദ്ധതികൾക്കായി വിവിധ വകുപ്പുകൾക്ക് കൈമാറിയ തുകയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പ്രോജക്റ്റ് | ഫണ്ട്,അടങ്കൽ | വൗച്ചർ നം,തുക | കൈമാറിയ സ്ഥാപനം |
|---|---|---|---|
| 124/23ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് | തനത് ഫണ്ട് 200000 | 42201071/24-3-23 28276 | KSEB, ഇലക്ട്രിക്കൽ സെക്ഷൻ, മുതുവറ |
| 194/23 - 24-ാം നമ്പർ അംഗൻവാടി പൈപ്പ് കണക്ഷൻ | വികസന ഫണ്ട്(ജനറൽ) 27000 | 42201287/17-2-23 27000 | KWA,എക്സിക്യൂട്ടീവ് എഞ്ചിനീയർ, PH ഡിവിഷൻ, തൃശ്ശൂർ |

വിനിയോഗ വിവരങ്ങൾ ലഭ്യമാക്കി, അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി - 4 / **22-11-23)**

**1-26 തെരുവു വിളക്ക പരിപാലനം-അപാകതകൾ-ചെലവു തുക 2,58,030/- രൂപ തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| പ്രോജക്റ്റ് | 12/23തെരുവു വിളക്ക പരിപാലനം |

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 425000 |
| ഫണ്ട് | തനത് |
| ചെലവ് | 196900(സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം) |

| ക്രമ നം | വൗച്ചർ നം | തുക |
|---|---|---|
| 1 | 22200191/1-6-22 | 25300 |
| 2 | 22200341/2-7-22 | 28600 |
| 3 | 22200472/3-8-22 | 27500 |
| 4 | 22200637/1-9-22 | 26400 |
| 5 | 22200709/18-10-22 | 24200 |
| 6 | 22200764/1-11-22 | 25300 |
| 7 | 22200886/2-12-22 | 27500 |
| 8 | 22200989/3-1-23 | 22630 |
| 9 | 22201087/1-2-23 | 26400 |
| 10 | 22201166/1-3-23 | 24200 |
| | | 258030 |

ഗ്രാമ പഞ്ചായത്തിലെ എൽഇഡി ബൾബുകൾ റിപ്പയർ ചെയ്യുന്നതിനും, രണ്ട് തൊഴിലാളികൾക്ക് വേതനം നൽകുന്നതിനും 3,60,000 രൂപയും, അടിയന്തര ഘട്ടത്തിലുള്ള വാങ്ങലുകൾക്ക് 65000/- രൂപയും പ്രോജക്റ്റിൽ വകയിരുത്തിയിരിക്കുന്നു.

ഗ്രാമ പഞ്ചായത്തിലെ തെരുവു വിളക്കുകൾ റിപ്പയർ ചെയ്ത ഇനത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ ശ്രീ.ശരത്, ശ്രീ.വാസുദേവൻ എന്നീ തൊഴിലാളികൾക്ക് മസ്റ്റർ റോൾ പ്രകാരം 2,58,030 രൂപ നൽകിയിട്ടുണ്ട്. (ദിവസ വേതനം 550 രൂപ നിരക്കിൽ) പ്രോജക്റ്റ് പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകങ്ങൾ കാണുന്നു.

1.തെരുവു വിളക്ക് പരിപാലനത്തിനായി ക്വട്ടേഷൻ/ടെണ്ടർ ക്ഷണിച്ച രേഖകൾ ഫയലിൽ ഇല്ല.

2.മേൽ രണ്ടു വ്യക്തികൾക്കും,ഇലക്ട്രിക്കൽ പ്രവൃത്തികൾ നടത്തുന്നതിന് ലൈസൻസ് ലഭിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ഇല്ല.

3.സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 1,96,900 രൂപയാണ് ചെലവു വന്നിട്ടുള്ളത്. എന്നാൽ തനതു ഫണ്ടിൽ നിന്നും മേൽക്കൊടുത്ത പട്ടിക പ്രകാരം 2,58,030/- രൂപ വേതനമായി നൽകിയിട്ടുണ്ട്.

4. മസ്റ്റർ റോളുകൾ എല്ലാം നിർവഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5.ദിവസ വേതനാടിസ്ഥാനത്തിൽ ശ്രീ.ശരത്, ശ്രീ.വാസുദേവൻ എന്നീ തൊഴിലാളികളെ പ്രവൃത്തിക്കായി നിയമിച്ചതിന്റേയും, വേതനം നിർണ്ണയിച്ചു നൽകിയതിന്റേയും കമ്മിറ്റി തീരുമാനം ഫയലിൽ ഇല്ല. അപാകങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(15/23-11-23) മറുപടി നൽകിയിട്ടില്ല. രേഖകൾ സഹിതം മറുപടി ലഭ്യമാക്കുന്നതു വരെ ചെലവു തുക (2,58,030/-) തടസ്സപ്പെടുത്തുന്നു.

## 1-27 ആസ്തി രജിസ്റ്റർ തയ്യാറാക്കൽ- കരാർ വ്യവസ്ഥകൾ പാലിച്ചിട്ടില്ല-2,30,720/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| പ്രോജക്ട് | 197/23<br>ആസ്തി രജിസ്റ്റർ തയ്യാറാക്കൽ |
| അടങ്കൽ | 550000<br>വികസന ഫണ്ട്-(ജനറൽ)-230720<br>തനത്-319280 |
| ചെലവ് | 230720<br>വികസന ഫണ്ട്-230720<br>തനത്- Nil |
| വൗച്ചർ നം | 42201361/28-3-23<br>230720 |
| ഭരണ സമിതി തീരുമാനം | 2(3/23) 7-3-23 |
| നിർവഹണ ഏജൻസി | സെന്റർ ഫോർ സോഷ്യൽ & റിസോഴ്സ് ഡെവലപ്മെന്റ്, പുതുക്കാട് |
| കരാർ | No-nil/10-3-23 |

ഗ്രാമപഞ്ചായത്തിലെ, ആസ്തികൾ കാലികമാക്കുന്നതിനും, ഡിജിറ്റലൈസ് ചെയ്യുന്നതിനുമായി, ക്വട്ടേഷൻ ക്ഷണിക്കുകയും, കുറവ് നിരക്ക് ക്വോട്ട് ചെയ്ത അക്രഡിറ്റഡ് ഏജൻസിയായ സെന്റർ ഫോർ സോഷ്യൽ & റിസോഴ്സ് ഡെവലപ്മെന്റ്,പുതുക്കാട് എന്ന സ്ഥാപനത്തെ ഭരണസമിതിയുടെ 2(3/23) 7-3-23 നം തീരുമാന പ്രകാരം, തെരഞ്ഞെടുക്കുകയും ചെയ്തു. 18 വാർഡുകളിലെ വിവരങ്ങൾ തയ്യാറാക്കുന്നതിനായി 5,22,000 രൂപയാണ് ക്വോട്ട് ചെയ്തിരിക്കുന്നത്. (വാർഡൊന്നിന് 29000 രൂപ നിരക്കിൽ) 10-3-23 ൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഒന്നാം കക്ഷിയായും,സെന്റർ ഫോർ സോഷ്യൽ & റിസോഴ്സ് ഡെവലപ്മെന്റ് ഡയറക്ടർ രണ്ടാം കക്ഷിയായും ചമച്ച കരാറിലെ വ്യവസ്ഥ 3 പ്രകാരം ആസ്തി വിവരങ്ങൾ തയ്യാറാക്കുന്നതിനുള്ള കാലാവധി 4 മാസമായി നിജപ്പെടുത്തിയിട്ടുണ്ട്.

നിർവഹണ ഏജൻസിക്ക് തുക കൈമാറേണ്ടത് കരാറിലെ 6,7 വ്യവസ്ഥകൾ പ്രകാരം ചുവടെ ചേർക്കും പ്രകാരമാണ്.

| | |
|---|---|
| അഡ്വാൻസ് | 104400 കരാർ തുകയുടെ 20% |
| പാർട്ട് ബിൽ(1) | 104400 കരാർ തുകയുടെ 20% (5വാർഡുകളുടെ വിവരങ്ങൾ തയ്യാറാക്കുന്ന മുറക്ക്) |
| പാർട്ട് ബിൽ(2) | 104400 കരാർ തുകയുടെ 20% (5 വാർഡുകളുടെ |

| | |
|---|---|
| | വിവരങ്ങൾ തയ്യാറാക്കുന്ന മുറക്ക്) |
| പാർട്ട് ബിൽ(3) | 104400 കരാർ തുകയുടെ 20% (5 വാർഡുകളുടെ വിവരങ്ങൾ തയ്യാറാക്കുന്ന മുറക്ക്) |
| അവസാന ഗഡു | ബാക്കി തുക-104400, (3വാർഡുകളുടെ വിവരങ്ങൾ തയ്യാറാക്കുന്ന മുറക്ക്) |

കരാറിലെ വ്യവസ്ഥ 14 പ്രകാരം ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിൽ ഏതെങ്കിലും കാരണത്താൽ 4 മാസത്തിൽ അധികം കാലതാമസമുണ്ടായാൽ , നിർവഹണ ഏജൻസി കരാർ കാലാവധിക്കു മുൻപായി അപേക്ഷ നൽകേണ്ടതും,ഗ്രാമ പഞ്ചായത്ത് ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി ഒരു മാസം കാലാവധി നീട്ടി നൽകാവുന്നതുമാണ്. എന്നാൽ മേൽ വ്യവസ്ഥകൾ പാലിച്ചതായി കാണുന്നില്ല. കൂടാതെ കരാറിൽ പിഴ ഈടാക്കുന്നതിനുള്ള വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടില്ല. നിർവഹണ ഏജൻസിക്ക് 2,30,720/- രൂപ 2022-23 വർഷത്തിൽ നൽകിയിട്ടുണ്ട്. തുടർന്നും നിർവഹണ ഏജൻസിക്ക് തുക നൽകിയിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരങ്ങളും, ആസ്തി രജിസ്റ്റർ കാലികമാക്കി ലഭ്യമായിട്ടുണ്ടെങ്കിൽ, ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.28/24.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ നിർവഹണ ഏജൻസിക്ക് നൽകിയ തുക 2,30,720/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-28 അഗതിരഹിത കേരളം-തുക മുഴുവൻ ചെലവഴിച്ചിട്ടില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് | 159/23<br>അഗതിരഹിത കേരളം |
| അടങ്കൽ | 439648<br>വികസന ഫണ്ട്-(ജനറൽ)-244847<br>തനത്-114771<br>ബ്ലോക്ക് വിഹിതം-50000<br>ജില്ല പഞ്ചായത്ത് വിഹിതം-30000 |
| ചെലവ് | 265229<br>വികസന ഫണ്ട്-185229<br>തനത്-ഇല്ല<br>ബ്ലോക്ക് വിഹിതം-50000<br>ജില്ല പഞ്ചായത്ത് വിഹിതം-30000 |
| വൗച്ചർ നം | 1.42201180/20-12-22- 185229<br>2.42201185/23-12-22 -50000 |

| | |
|---|---|
| | 42201183/23-12-22 -30000 |
| തുക കൈമാറിയത് | മെമ്പർ സെക്രട്ടറി,കുടുംബശ്രീ സിഡിഎസ് |
| അക്കൗണ്ട് | 3757262089/ സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ |

അഗതി രഹിത കേരളം പ്രോജക്ടിനായി പിൻവലിച്ച തുക കുടുംബശ്രീ സിഡിഎസ് മെമ്പർ സെക്രട്ടറിയുടെ മേൽപ്പറഞ്ഞ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. അഗതിരഹിത കേരളം -പാസ് ബുക്ക്,ക്യാഷ് ബുക്ക് എന്നിവ പരിശോധിച്ചതു പ്രകാരം 31-3-2023 ലെ നീക്കിയിരിപ്പ് ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ്-475,000

വരവ്-2,65,229

ആകെ-7,40,229

ചെലവ്-(2022-23)99,500

നീക്കിയിരിപ്പ്-6,40,729

തുക പിന്നീട് ചെലവഴിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/23-11-2023) 2023-24 വർഷത്തിൽ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട് എന്നും, നാളിതു വരെ 5,37,000/- രൂപയുടെ ചെലവു വന്നിട്ടുണ്ട് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക അക്കൗണ്ടിൽ നിഷ്ക്രിയമായി സൂക്ഷിക്കാതെ പദ്ധതികൾ നടപ്പിലാക്കേണ്ടതും, തുടർ വിവരങ്ങൾ അറിയിക്കേണ്ടതുമാണ്.

## 1-29 വീട് വാസയോഗ്യമാക്കൽ-പൂർത്തീകരിക്കേണ്ടതാണ്

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രോജക്റ്റുകളിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ അഡ്വാൻസ് കൈപ്പറ്റിയെങ്കിലും, പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.പ്രോജക്റ്റ്- 57/23 വീട് വാസയോഗ്യമാക്കൽ(ജനറൽ)
(ധനസഹായം -50000 (25000*2 ))

അടങ്കൽ-2700000

ഫണ്ട്-വികസന ഫണ്ട് (ജനറൽ) – 2212000

തനതു ഫണ്ട്- 488000

ചെലവ്-വികസന ഫണ്ട്(ജനറൽ)1375000

| ഗുണഭോക്താക്കൾ | തുക കൈപ്പറ്റിയതിന്റെ വിവരം |
|---|---|
| ജാനു വടക്കേടത്ത്, പുറനാട്ടുകര | 25000/13-1-23 |
| കൃഷ്ണപ്രസാദ്, കൊളങ്ങര വളപ്പിൽ, ചൂരക്കാട്ടുകര | 25000/24-1-23 |
| ഭാരതി ഗോപാലൻ, കരുമത്തിൽ, ചിറ്റിലപ്പിള്ളി | 25000/16-3-23 |
| സുമിത്ര, പയ്യപ്പാട്ട്, ചൂരക്കാട്ടുകര | 25000/16-3-23 |
| രഘു, തെക്കേപ്പുറത്ത്, അമല നഗർ | 25000/16-3-23 |

2.പ്രോജക്റ്റ്- 38/23 വീട് വാസയോഗ്യമാക്കൽ(SC)
(ധനസഹായം -100000 (50000*2 ))

അടങ്കൽ-3200000

ഫണ്ട്-വികസന ഫണ്ട്(ജനറൽ)3200000

ചെലവ്-വികസന ഫണ്ട്(ജനറൽ)1650000

| ഗുണഭോക്താവ് | കൈപറ്റിയ തുക |
|---|---|
| രജികുമാർ, വടക്കുംമുറി, അടാട്ട് | 50000/2-3-23 |

ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ രേഖകൾ സഹിതം മറുപടി ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി (നം.16/23-11-23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തി പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-30 ജിഎസ്ടി സ്രോതസിൽ നിന്ന് കുറവ് ചെയ്തിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ്.സൂപ്പർവൈസർ
പ്രോജക്റ്റ് : അങ്കണവാടി പോഷകാഹാരം (S020/23)
അടങ്കൽ --- 3494539

ചെലവ് -- 1679893
1) വികസന ഫണ്ട് – പൊതുവിഭാഗം
അടങ്കൽ : 1494539 ചെലവ് : 1494539

2) കേന്ദ്രാവിഷ്കൃത ഫണ്ട്
അടങ്കൽ : 1000000 ചെലവ് : 85354

3) ബ്ലോക്ക് പഞ്ചായത്ത് വിഹിതം
അടങ്കൽ : 500000 ചെലവ് : 100000

4)ജില്ലാപഞ്ചായത്ത് വിഹിതം

അടങ്കൽ : 500000 ചെലവ് : 0

അമൃതം ഫുഡ് സപ്ലിമെന്റ് ചെലവ് വിവരങ്ങൾ

1.വൗച്ചർ നം. 42201125/തീ.17.8.22 -405568/-

2.വൗച്ചർ നം. 42201133/തീ.22.9.22 -121860/-

3.വൗച്ചർ നം. 42201141/തീ.25.10.22 -100000/-

4.വൗച്ചർ നം. .42201173/തീ.19.12.22 -387427/-

5.വൗച്ചർ നം. 42201292/തീ.17.2.23-309252/-

6.വൗച്ചർ നം. 42201332/തീ.15.3.23 -108227/-

7.വൗച്ചർ നം. 22201204/തീ.10.3.23 -6127/-

അങ്കണവാടി പോഷകാഹാരം പദ്ധതിക്കായി അമൃതം ഫുഡ് സപ്ലിമെന്റ് വാങ്ങിയതിൽ ഉത്പന്ന വിതരണക്കാരിൽ നിന്നും ജിഎസ്ടി സ്രോതസിൽ നിന്ന് ഈടാക്കിയിട്ടില്ല .

മേൽ പ്രോജക്റ്റ് പ്രകാരം അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റ്, സിഎഫ് സി, തോളൂർ ഗ്രാമപഞ്ചായത്ത്, ഫൈവ്സ്റ്റാർ അമൃതം ഫുഡ് പ്രോഡക്ട്സ്, വെങ്ങിണിശ്ശേരി, പാറളം ഗ്രാമപഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ നിന്നും താഴെ പറയും പ്രകാരം അമൃതം ഉൽപ്പന്നങ്ങൾ 2.5% CGSTയും, 2.5% SGSTയും നല്കി വാങ്ങിയിട്ടുള്ളതാണ്.

| ക്രമ നം | ഇൻവോയ്സ് നം. | തീയതി | നികുതി ഒഴികെയുള്ള തുക | CGST@ 2.5% | SGST @ 2.5% | നികുതി ഉൾപ്പെടെയുള്ള തുക | ബില്ലിൽ നിന്നും പാസ്സാക്കിയിട്ടുള്ള തുക | ബിൽ തുക |
|---|---|---|---|---|---|---|---|---|
| 1 | 1858 | 9.5.22 | 64965 | 1623 | 1623 | 68211 | | 405568 (അമൃതം ഫുഡ് സപ്ലിമെന്റ് |
| 2 | 1859 | 9.5.22 | 20125 | 503 | 503 | 21131 | | |
| 3 | 1861 | 9.5.22 | 8229 | 205 | 205 | 8639 | | |
| 4 | 1860 | 9.5.22 | 18032 | 450 | 450 | 18932 | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 5 | 1894 | 6.6.22 | 65817 | 1645 | 1645 | 69107 | | |
| 6 | 1895 | 6.6.22 | 19481 | 487 | 487 | 20455 | | |
| 7 | 1896 | 6.6.22 | 15617 | 390 | 390 | 16397 | | |
| 8 | 1897 | 6.6.22 | 4077 | 101 | 101 | 4279 | | യൂണിറ്റ്, തോളൂർ) |
| 9 | 1941 | 11.7.22 | 61770 | 1543 | 1543 | 64856 | | |
| 10 | 1979 | 11.7.22 | 15617 | 390 | 390 | 16397 | | |
| 11 | 1980 | 11.7.22 | 18354 | 458 | 458 | 19270 | | |
| 12 | 1944 | 11.7.22 | 1057 | 26 | 26 | 1109 | 328783 | |
| 13 | 1988 | 5.8.22 | 64965 | 1623 | 1623 | 68211 | | 121860 (അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റ്, തോളൂർ) |
| 14 | 1990 | 5.8.22 | 16100 | 402 | 402 | 16904 | | |
| 15 | 1991 | 5.8.22 | 18676 | 466 | 466 | 19608 | | |
| 16 | 1992 | 5.8.22 | 2038 | 50 | 50 | 2138 | 106861 | |
| 17 | 2020 | 1.9.22 | 62835 | 1570 | 1570 | 65975 | 45235 | 100000 (അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റ്, തോളൂർ) |
| 18 | 2020 | 1.9.22 | 62835 | 1570 | 1570 | 65975 (ബാക്കിയുള്ള 20740 മാറി) | | |
| 19 | 2021 | 1.9.22 | 17066 | 426 | 426 | 17918 | | |
| 20 | 2022 | 1.9.22 | 18354 | 458 | 458 | 19270 | | |
| 21 | 2023 | 1.9.22 | 2340 | 58 | 58 | 2456 | | 387427 (അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റ്, തോളൂർ) |
| 22 | 2062 | 7.10.22 | 63900 | 1597 | 1597 | 67094 | | |
| 23 | 2063 | 7.10.22 | 19320 | 483 | 483 | 20286 | | |
| 24 | 2064 | 7.10.22 | 15778 | 394 | 394 | 16566 | | |
| 25 | 2065 | 7.10.22 | 3095 | 76 | 76 | 3247 | | |
| 26 | 2097 | 4.11.22 | 65178 | 1628 | 1628 | 68434 | | |
| 27 | 2098 | 4.11.22 | 19320 | 483 | 483 | 20286 | | |
| 28 | 2099 | 4.11.22 | 16905 | 422 | 422 | 17749 | | |
| 29 | 2100 | 4.11.22 | 5134 | 127 | 127 | 5388 | | |
| 30 | 2139 | 6.12.22 | 6191 | 154.775 | 154.775 | 6500.55 | | |
| 31 | 2138 | 6.12.22 | 19481 | 487.025 | 487.025 | 20455.05 | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 32 | 2137 | 6.12.22 | 16261 | 406.525 | 406.525 | 17074.05 | | |
| 33 | 2136 | 6.12.22 | 60918 | 1522.95 | 1522.95 | 63963.9 | 387427 | |
| 34 | 484 | 24.1.23 | 5587 | 138.75 | 138.75 | 5864.5 | | 309252 (ഫൈവ്സ്റ്റാർ അമൃതം) |
| 35 | 483 | 24.1.23 | 18837 | 468 | 468 | 19773 | | |
| 36 | 482 | 24.1.23 | 15617 | 388 | 388 | 16393 | | |
| 37 | 481 | 24.1.23 | 63048 | 1554 | 1554 | 66156 | | |
| 38 | 489 | 15.2.23 | 63048 | 1554 | 1554 | 66156 | | |
| 39 | 491 | 15.2.23 | 18837 | 468 | 468 | 19773 | | |
| 40 | 490 | 15.2.23 | 14812 | 368 | 368 | 15548 | | |
| 41 | 492 | 15.2.23 | 4767 | 118.125 | 118.125 | 4993.25 | 214656 | |
| 42 | 501 | 4.3.23 | 55380 | 1365 | 1365 | 58110 | 4327 | 6127 (ഫൈവ്സ്റ്റാർ അമൃതം) |
| 43 | 502 | 4.3.23 | 14168 | 352 | 352 | 14872 | 91651 | 108227 (ഫൈവ്സ്റ്റാർ അമൃതം) |
| 44 | 504 | 4.3.23 | 4681 | 116.25 | 116.25 | 4913.5 | | |
| 45 | 503 | 4.3.23 | 17227 | 428 | 428 | 18083 | | |
| 46 | 501 | 4.3.23 | 55380 | 1365 | 1365 | 58110 (ബാക്കിയുള്ള 53783 ബില്ലിൽ നിന്ന് മാറി) | | |

CGST ആക്ട് 2017ലെ വകുപ്പ് 51(1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികമാകുന്ന സാധനങ്ങളുടെയോ സേവനങ്ങളുടേയോ രണ്ടിന്റേയോ കരാറുകാരുടെ ബില്ലിൽ നിന്നും 1% ജിഎസ്ടി സ്രോതസിൽ നിന്ന് കുറവുചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. SGST ആക്ട് 2017ലെ വകുപ്പ് 51(1) സമാനമായ നിർദ്ദേശമുള്ളതാണ്. ആയതിനാൽ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികമാകുന്ന ബില്ലുകളിൽ നിന്നും CGST, SGSTഇനങ്ങളിൽ 1% വീതം ആകെ 2% നികുതി സ്രോതസിൽ നിന്നും ഈടാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം.3/22.11.23 ന് മറുപടിയായി കേന്ദ്രസർക്കാരിന്റെ സ്പഷ്ടീകരണം ലഭ്യമാകുന്നത് വരെ ജിഎസ്ടി ഉൾപ്പെടെയുള്ള ബില്ലുകൾ മാറി നൽകുവാൻ നിർദ്ദേശമുണ്ടായിരുന്നതിനാലാണ് ജിഎസ്ടി ഈടാക്കാതിരുന്നത് എന്ന് നിർവഹണഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്.

അമൃതം ഉൽപ്പന്നങ്ങൾ വാങ്ങുമ്പോൾ CGST,SGST ഇനങ്ങളിൽ ടി.ഡി.എസ് ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
